# ക്രൈസ്തവ വനിത

**March - April 2021**



**A fundamental Christian bi-monthly publication of the women, by the women, for the family**

2021
March - April

Volume XIV
Issue 2

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ

| | | | |
|---|---|---|---|
| ഒരു യുവാവിന്റെ ത്യാഗസേവനം | – | മേരി അഞ്ചൻ | 1 |
| കപടഭക്തിയും വെള്ളതേച്ച ശവക്കല്ലറയും | – | എൽസി ബേബി | 3 |
| ഇച്ഛിക്കുന്നതും ഇച്ഛിക്കാത്തതും | – | ജെസ്സി ബെൻസെൻ | 5 |
| പ്രതിസന്ധിയിൽ തളരാതെ ... | – | മോളിക്കുട്ടി ചാക്കോ | 6 |
| പൈതലിന്റെ സൗന്ദര്യം ... | – | എൽസി തോമസ് | 9 |
| പ്രാർത്ഥനയുടെ ശക്തി | – | ജോയമ്മ സാംസൺ | 11 |
| Greatest Affections | – | Jissa George | 14 |
| കുറ്റവാളിയുടെ കുടുംബം | – | ഡോ. കുഞ്ഞുമോൻ ചാക്കോ | 15 |
| കുടുംബം എന്ന പ്രതിഭാസം | – | ഡോ. ഉമ്മൻ ഫിലിപ്പ് | 17 |
| സഭയും പാതാള ഗോപുരങ്ങളും - II | – | പാസ്റ്റർ എ. ജെ. ജോൺ | 20 |
| വനിതകളിൽ വർദ്ധിച്ചുവരുന്ന വൈകൃതവാസന | – | ഡോ. ചാൾസ് ജോൺ | 22 |
| അനുസ്മരണം | – | മേരി അഞ്ചൻ | 28 |
| Annamma Charles John Writer's Awards | – | | കവർ 3 |
| Quest - 76 | – | | കവർ 4 |

ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

CHRISTIAN WOMAN
For private circulation only

Editorial Board
Founder Editor
Annamma Charles John
Chief Editor
Mrs. Mary Anchan
Associate Editor
Mrs. Sherine Kingston
Sub Editor
Mrs. Sobha Selin

Telephone: 0471-2446079
E-mail: chasjohn@gnmindia.org
Mob: 09446548079

എഡിറ്റോറിയൽ



# ഒരു യുവാവിന്റെ ത്യാഗസേവനം

തുടരെ മഞ്ഞുപെയ്തുകൊണ്ടിരുന്ന ഒരു രാത്രി! മരം കോച്ചുന്ന ശൈത്യം! കാറിൽ യാത്രചെയ്തുകൊണ്ടിരുന്ന മദ്ധ്യവയസ്കരായ ദമ്പതികൾ മുമ്പോട്ടു യാത്ര ചെയ്‌വാൻ സാധിക്കാത്തതിനാൽ മാർഗ്ഗമദ്ധ്യേ ഒരു ഹോട്ടലിൽ പാർത്തിട്ട്, പ്രഭാതത്തിൽ യാത്ര തുടരാൻ തീരുമാനിച്ചു. രാത്രി ജോലിക്കായി നിയമിക്കപ്പെട്ടിരുന്ന ക്ലാർക്കിനെ സമീപിച്ച് അവർക്കു രാപാർക്കാൻ ഒരു മുറി ആവശ്യപ്പെട്ടു. എന്നാൽ അവിടെ ഒരു മുറിപോലും ലഭ്യമായിരുന്നില്ല, എന്നു മാത്രമല്ല ആ പട്ടണത്തിൽ അന്ന് ഏതോ പ്രത്യേക പരിപാടി ഉണ്ടായിരുന്നതിനാൽ മറ്റു ഹോട്ടലുകളിലും ഒഴിഞ്ഞമുറി ഉണ്ടായിരുന്നില്ല. അതിരൂക്ഷമായ തണുപ്പിലും, അന്ധകാരത്തിലും ആ ദമ്പതികളുടെ ആവശ്യം നിരസിക്കാൻ മനസ്സാകാതെ ആ യുവാവ് തന്റെ വിശ്രമമുറി അവർക്കു നല്കുവാൻ നിശ്ചയിച്ചു. വേറെ ഒരു മാർഗ്ഗവും ഇല്ലാതിരുന്നതിനാൽ ആ രാത്രിയിൽ യുവാവിന്റെ വിശ്രമമുറിയിൽ തന്നെ താമസിക്കാൻ ദമ്പതികൾ തീരുമാനിച്ചു.

പിറ്റേന്നു രാവിലെ ആ ദമ്പതികൾ പിരിഞ്ഞുപോകുന്നതിനു മുമ്പ് ആ പുരുഷൻ അവനോട്, “അമേരിക്കയിലെ സുപ്രസിദ്ധ ഹോട്ടലുകളൊന്നിൽ മാനേജരായി ജോലി ചെയ്യേണ്ടത് നിങ്ങളെപ്പോലെയുള്ളവരാണ് നിങ്ങൾക്കായി ഞാൻ ഒരു ഹോട്ടൽ പണിയും” എന്നു പറഞ്ഞ് അവിടെ നിന്നുപോയി.

ചില വർഷങ്ങൾക്കു ശേഷം, ആ ക്ലാർക്കിന് ആ രാത്രിയിൽ അവിടെ താമസിച്ച മനുഷ്യനിൽ നിന്നും ഒരു ക്ഷണക്കത്ത് ലഭിക്കുകയുണ്ടായി. അതോടൊപ്പം ന്യൂയോർക്കിലേക്ക് പോയി മടങ്ങി വരാനുള്ള വിമാനടിക്കറ്റും അടക്കം ചെയ്തിരുന്നു. ആ മനുഷ്യൻ ആ യുവാവിനെ വിമാനത്താവളത്തിൽ സ്വീകരിച്ച്, ന്യൂയോർക്കിലെ അതിപ്രധാനമായ ഒരു സ്ഥലത്ത് (Midtown Manhattan) കൊണ്ടുപോയി അതിമനോഹരവും വിശാലവുമായ ഒരു കെട്ടിടം കാണിച്ച് “നിങ്ങൾക്ക് മാനേജർ ജോലി ചെയ്യാനായി ഞാൻ നിർമ്മിച്ച ഹോട്ടൽ ആണ് ഇത്” എന്നു പറഞ്ഞു. ന്യൂയോർക്കിലെ സുപ്രസിദ്ധമായ “വാൽഡോർഫ് ആസ്റ്റോറിയാ” (Waldorf Astoria Hotel) ഹോട്ടലിലെ പ്രഥമ മാനേജർ ആയിട്ട് ജോർജ് സി. ബോൾട്ട് (George C. Bolt) നിയമിക്കപ്പെട്ടു. അന്നത്തെ രാത്രിയിൽ മുറി അന്വേഷിച്ചു വന്ന വ്യക്തി ആ ഹോട്ടലിന്റെ ഉടമയായ വില്യം വാൾഡോർഫ് ആസ്റ്റർ എന്ന കോടീശ്വരനായിരുന്നു!

അപരിചിതരായ യാത്രക്കാരെ ആരെന്ന് തിരിച്ചറിയാതെ ആതിഥ്യം നല്കി, ദൈവദൂതന്മാരെ സൽക്കരിച്ച്, അനുഗ്രഹം പ്രാപിച്ചിട്ടുള്ള സംഭവങ്ങൾ നാം തിരുവചനത്തിൽ കാണുന്നത് ശ്രദ്ധേയം (എബ്രായർ 13:2).

കഴിഞ്ഞ ദിവസത്തെ വർത്തമാനപത്രത്തിൽ കാണാൻ ഇടയായ ഒരു വാർത്ത ഏറ്റവും മർമ്മഭേദകമായിരുന്നു. ഒരു യുവാവ് തന്റെ മാതാപിതാക്കളെ പരിചരണം നല്കാതെ ഇരുട്ടറയിൽ പാർപ്പിച്ചിരുന്നു എന്നും മനുഷ്യാ

വകാശകമ്മീഷൻ ഈ വിവരം ഗ്രഹിച്ച് പോലീസിൽ അറിയിക്കയും ചെയ്തു. അവരുടെ അന്വേഷണ ഫലമായി പിതാവിന്റെ നിർജ്ജീവമായ ജഡവും, മാതാവിന്റെ ശുഷ്കിച്ച രൂപവും കണ്ടെത്തി, മകനെ അറസ്റ്റു ചെയ്തു എന്നുമായിരുന്നു വാർത്ത. പണക്കാരായ അനേകമക്കളും മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ പാർപ്പിക്കുന്ന ഇക്കാലത്ത്, ക്ഷീണിച്ചും, വലഞ്ഞും വരുന്നവരോട് നിസ്വാർത്ഥമായ കരുതലും, സ്നേഹവും പ്രകടിപ്പിക്കുവാൻ കഴിവുള്ളവർ എത്രയോ വിരളം!

പ്രിയ സഹോദരിമാരേ, നമ്മുടെ ഭാരതത്തിന്റെ പലസ്ഥലങ്ങളിലും, പ്രത്യേകിച്ച് മദ്ധ്യപ്രദേശിലും വടക്കെ ഇൻഡ്യയിലും പട്ടിണിയും, വളരെ ബുദ്ധിമുട്ടും, പീഡകളും സഹിച്ച് ആത്മാർത്ഥമായി, പേരും പെരുമയുമില്ലാതെ കർത്തൃശുശ്രൂഷകളിൽ നിരതരായിരിക്കുന്ന സഹോദരീസഹോദരന്മാരെ സഹായിക്കുന്നതിൽ നാം വിശ്വസ്തരാണോ? നമ്മുടെ ആഡംബരജീവിതരീതികൾക്ക് ഒരു വിരാമം ഇട്ടിട്ട്, നമ്മുടെ ചുമതലകൾ ബോധപൂർവ്വം നിർവ്വഹിക്കുവാൻ കർത്താവു കൃപ ചെയ്യട്ടെ, ത്യാഗപൂർവ്വം തന്നെ സഹായിച്ച ഒരു അപരിചിത യുവാവിന് ഒരു ധനാഢ്യൻ ചിന്താതീതമായ പ്രതിഫലം നല്കിയെങ്കിൽ നമ്മുടെ കർത്താവിനുവേണ്ടി ചെയ്യുന്നതൊന്നും വ്യർത്ഥമാകയില്ല. അഖിലാണ്ഡത്തിന്റെ ഉടയവനും നമ്മുടെ രക്ഷിതാവുമായ ദൈവപുത്രനിൽ നിന്നും നമുക്ക് ലഭിക്കുന്ന പ്രതിഫലം എത്രയോ മടങ്ങ് ശ്രേഷ്ഠമായിരിക്കും!

"ശിഷ്യൻ എന്നുവച്ച് ഈ ചെറിയവരിൽ ഒരുത്തന്നു ഒരു പാനപാത്രം തണ്ണീർ മാത്രം കുടിപ്പാൻ കൊടുക്കുന്നവന്നു പ്രതിഫലം കിട്ടാതെ പോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു (മത്തായി 10:42). ''മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രേ വന്നത്".

മേരി അഞ്ചൻ, തുംകൂർ
ചീഫ് എഡിറ്റർ

## അന്നമ്മ ചാൾസ് ജോൺ റൈറ്റേഴ്സ് അവാർഡ്സ്
## Annamma Charles John Writer's Awards

**ക്രൈസ്**തവ വനിതയുടെ സ്ഥാപക എഡിറ്റർ ശ്രീമതി അന്നമ്മ ചാൾസ് ജോണിന്റെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ സമാരംഭിച്ച അവാർഡ് ആണിത്. ക്രൈസ്തവ വനിതയിൽ ഒരു വർഷം പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിൽ പുതിയ വനിതാ എഴുത്തുകാർ എഴുതിയ ഏറ്റവും നല്ല ലേഖനത്തിന്റെ ഉടമയ്ക്കാണു അവാർഡ് നല്കുക. ക്രൈസ്തവ വനിതയുടെ എഡിറ്റോറിയൽ ബോർഡ്, വനിത പ്രസാധകൻ, ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പേട്രൺ എന്നിവരടങ്ങിയ പാനൽ ആയിരിക്കും അവാർഡു ലഭിക്കേണ്ട ലേഖനകർത്രിയെ തിരഞ്ഞെടുക്കുക.

ഒരു പ്രശംസാ പത്രവും പതിനായിരം രൂപയുമാണ് അവാർഡ്. ക്രൈസ്തവ സാഹിത്യരംഗത്ത് ഈടുറ്റ ലേഖനങ്ങൾ രചിക്കുന്ന 'പുതുമുഖ'ങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ അവാർഡ് ലക്ഷ്യമാക്കുന്നത്.

**പത്രാധിപർ**

# കപടഭക്തിയും വെള്ളതേച്ച ശവക്കല്ലറയും

എൽസി ബേബി, ന്യൂ യോർക്ക്



അദൃശ്യവും, അപകടകാരിയുമായ 'കോവിഡ്-19' എന്ന ഒരു രോഗാണുവിന്റെ അപ്രതീക്ഷിതമായ ആക്രമണം ലോകമാകമാനം ജനങ്ങളെ അപകടങ്ങളുടെ മുൾമുനയിൽ നിർത്തി താണ്ഡവം ചെയ്യുന്ന ഭയാനക വാർത്തയുമായിട്ടാണല്ലോ 2020-ാമാണ്ട് നമ്മെ എതിരേറ്റത്? കഴിഞ്ഞ ഒരു വർഷക്കാലം ഈ ലോകം അനുഭവിച്ച നന്മതിന്മകളെ ഒന്നു വിലയിരുത്തിയാൽ നമ്മിലേക്കു വരുന്ന ചില ഓർമ്മകൾ പങ്കുവയ്ക്കുക എന്നതാകുന്നു ഈ ലേഖനോദ്ദേശ്യം.

ഒരിക്കലും കേട്ടിട്ടില്ലാത്ത, അറിഞ്ഞിട്ടില്ലാത്ത, ചികിത്സകളില്ലാത്ത ഈ "കൊറോണാ വൈറസ്" ആബാലവൃദ്ധം ജനങ്ങളെ മരണത്തിലേക്കു വലിച്ചിഴച്ചു കൊണ്ടിരിക്കുയാണല്ലോ? അതോടൊപ്പം പതിവില്ലാത്തവിധം, ക്യാൻസർ, ഹാർട്ട് അറ്റാക്ക്, മറ്റു പല രോഗങ്ങളും ജനങ്ങളുടെ വീഴ്ചയ്ക്കും വേർപാടിനും കാരണമായി തീരുന്നുണ്ട്. അവമൂലം എത്ര എത്ര ഭവനങ്ങളാണ് കണ്ണീർക്കയത്തിലാണ്ടു പൊയ്ക്കൊണ്ടിരിക്കുന്നത്? ദൈവാലയങ്ങൾ, വിദ്യാലയങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ, ഉദ്യോഗ സ്ഥാപനങ്ങൾ ഇവയൊക്കെ അടച്ചു പൂട്ടി സ്തംഭനാവസ്ഥയിലാക്കാൻ ശക്തിയേറിയ ഈ രോഗാണുവിന്റെ മുമ്പിൽ വിദഗ്ധരായ ശാസ്ത്രജ്ഞന്മാർ, ചികിത്സാകേന്ദ്രങ്ങൾ, ഭരണാധികാരികൾവരെ തലകുനിക്കേണ്ടിവന്നിരിക്കുന്നു എന്നതാണത്ഭുതം! എന്നാൽ ഇവയേക്കാളൊക്കെ ഭയാനകവും, ലജ്ജാകരവും, അപമാനകരങ്ങളുമായ സാമൂഹ്യവിരുദ്ധസംഭവങ്ങളെക്കൊണ്ട് നമ്മുടെയൊക്കെ സമൂഹങ്ങൾ ദുർഗന്ധം വമിക്കുന്ന കേന്ദ്രങ്ങളായി മാറിയിരിക്കുകയല്ലേ? അധർമ്മങ്ങളും, അതിക്രമങ്ങളും, ലംഘനങ്ങളും നിറഞ്ഞുകൊണ്ടിരിക്കുന്ന സമൂഹം! കൊലപാതകങ്ങൾ, വെടിവയ്പുകൾ, അക്രമങ്ങൾ, ഇവയൊക്കെ സാധാരണ സംഭവങ്ങളായി തീർന്നിരിക്കുന്നു. ദൈവത്താൽ നിയമിതമായ പരിശുദ്ധ വിവാഹത്തിന്റെ പരിശുദ്ധിയും, പവിത്രതയും വലിച്ചുകീറി വിവാഹമോചനം തേടുന്ന ദമ്പതികൾ! സുന്ദരികളായ പെൺകുട്ടികളുടെ സൗന്ദര്യത്തിലും അവരുടെ മാതാപിതാക്കളുടെ ധനത്തിലും, സമ്പത്തിലും മാത്രം കണ്ണുവച്ച് "പ്രേമനാടകം" കളിച്ചു സ്വന്തമാക്കി, ലൈംഗിക ചൂഷണം കഴിഞ്ഞ് സമ്പത്തും, ധനവും കൈക്കലാക്കിയശേഷം, തന്ത്രപൂർവ്വം പാവം ഭാര്യയെ കൊന്നുകളയുന്ന രാക്ഷസന്മാർ! ചിലരോ? വിവാഹം കഴിഞ്ഞ് രണ്ടും മൂന്നും കുഞ്ഞുങ്ങളായി കഴിയുമ്പോൾ പിഞ്ചുകുഞ്ഞുങ്ങളെ അതിദാരുണമായി ഉപേക്ഷിച്ചിട്ട്, കാമുകന്മാരുടെ പുറകെ ഓടുന്ന ശപിക്കപ്പെട്ട അമ്മമാരും, കാമുകികളുടെ കൂടെ ഇറങ്ങിത്തിരിക്കുന്ന ദുഷ്ടപിതാക്കന്മാരും ഇവരോടൊക്കെ ദൈവം ക്ഷമിക്കുമോ? മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ലഹരിയിൽ ഇന്ന് യുവജനങ്ങളും അല്ലാത്തവരും, മാന്യന്മാരെന്നു നടിക്കുന്നവരും കാട്ടിക്കൂട്ടുന്ന സാമൂഹ്യവിരുദ്ധതിന്മകൾക്കു കണക്കുണ്ടോ? വിവാഹം വേണ്ട എന്നു പറഞ്ഞു സ്ത്രീപുരുഷന്മാർ ഒന്നിച്ചു കഴിയുന്നു. ലൈംഗികസുഖം മാത്രമാണവരുടെ ലക്ഷ്യം! അഥവാ ഗർഭധാരണം ഭവിച്ചാൽ പൈതങ്ങളെ ഗർഭാശയത്തിൽ വച്ചുതന്നെ കൊന്നുകളയത്തക്കവണ്ണം ഹൃദയകാഠിന്യമുള്ള സ്ത്രീകൾ! ഇവർക്കെല്ലാം പുറമേ സ്വവർഗ്ഗരതിയിൽ (Homosexual) ആണോടാണും, പെണ്ണോടുപെണ്ണും, പരസ്യമായി "ഗേ മാര്യേജ്" എന്ന പേരിൽ വിവാഹിതരായി ലജ്ജയില്ലാതെ ജീവിക്കുവാൻ നിയമംപോലും അനുവദിച്ചിരിക്കുകയല്ലേ? എന്തിനേറെ, "ത്യാഗ ജീവിതമെന്നും" വ്രതമെന്നുമൊക്കെ പേരെടുത്ത് യേശുക്രിസ്തുവിന്റെ നാമത്തിൽ സർവ്വവും ത്യജിച്ച്, മാതാപിതാക്കന്മാരെയും, ധനസമ്പത്തുകളെയും ത്യജിച്ച്, "സഹനജീവി

ത്തിനായി" കഠിനവ്രതമെടുത്ത് പുരോഹിതന്മാരായും, കന്യാസ്ത്രീകളായും, കോൺവെന്റുകളിലും, ആശ്രമങ്ങളിലും മറ്റും കഴിയുന്ന കപട ഭക്തിക്കാരുടെ ദുർഗന്ധം വമിക്കുന്ന "അഭയാ വധക്കേസ്" പോലെയുള്ള സംഭവങ്ങൾ ഓരോന്നോരോന്നായി പരസ്യമായിക്കൊണ്ടിരിക്കയല്ലേ? ഇവയൊക്കെ "കോവിഡ്-19" നേക്കാൾ ഭയാനകവും, ശപിക്കപ്പെട്ടതും, അധാർമ്മികതയുമല്ലാതെ പിന്നെന്താകുന്നു? മൃഗങ്ങൾ പോലും ലജ്ജിക്കത്തക്ക ഹീനപാപങ്ങൾ! ഇവരാകുന്നു യഥാർത്ഥ "കപടഭക്തിക്കാരായ വെള്ളതേച്ച ശവക്കല്ലറകൾ!" തിരുവചനത്തിൽ അനേകം നൂറ്റാണ്ടുകൾക്കുമുമ്പ്, നോഹയുടെ കാലത്ത് ജലപ്രളയംമൂലം ദൈവം ഈ ഭൂമിയെ ജനങ്ങളോടൊപ്പം മുക്കിക്കളഞ്ഞതും, ലോത്തിന്റെ കാലത്ത് സോദോം, ഗോമോറ എന്ന പട്ടണങ്ങളെ ഗന്ധകം വർഷിച്ച് ഉന്മൂലനാശം ചെയ്തതും? പാപത്തിന്നെതിരേയുള്ള ദൈവക്രോധാഗ്നി ഈ ഭൂമിയിൽ ചൊരിയാൻ ഇനി കാലമധികമില്ല എന്നല്ലേ ഈ സംഭവങ്ങൾ നമുക്കു മുന്നറിയിപ്പു നല്കുന്നത്?

ഇതേ സംബന്ധിച്ച് പരിശുദ്ധാത്മാവ് തിരുവചനത്തിലൂടെ നല്കുന്ന ചില ഉദ്ധരണികൾ എഴുതട്ടെ! "അനീതികൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും, അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു. ദൈവത്തെക്കുറിച്ച് അറിയാകുന്നതു അവർക്കു വെളിവായിരിക്കുന്നു; ദൈവം അവർക്കു വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും, ദിവ്യത്വവുമായി, അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു. ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നോർത്തു മഹത്ത്വീകരിക്കയോ, നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ട് അവർ മൂഢരായിപ്പോയി. അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാല്ക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു. അതുകൊണ്ട് ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്തശരീരങ്ങളെ തമ്മിൽ തമ്മിൽ അവമാനിക്കേണ്ടതിന് അശുദ്ധിയിൽ ഏല്പിച്ചു. ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ച് ആരാധിച്ചു. അതുകൊണ്ട് ദൈവം അവരെ അവമാനരാഗങ്ങളിൽ ഏല്പിച്ചു; ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാഞ്ഞതിനു തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്‌വാൻ നികൃഷ്ടബുദ്ധിയിൽ ഏല്പിച്ചു. അവർ ചെയ്യുന്ന അനീതികളും, അധർമ്മങ്ങളും, എത്ര ഘോരതരമാകുന്നുവെന്ന് ദൈവത്തെ ഭയപ്പെടുന്നവർക്കു മാത്രമേ മനസ്സിലാകുകയുള്ളൂ" (റോമർ 1:18-32).

പ്രിയമുള്ളവരേ, ഇതൊന്നും എന്റെ വാക്കുകളല്ല; തിരുവചനം മാത്രമാകുന്നു. ഇന്നു നമ്മുടെയൊക്കെ സമൂഹങ്ങളിൽ കാണുകയും, കേൾക്കുകയും ചെയ്യുന്ന സംഭവങ്ങൾ നമ്മുടെയൊക്കെ മുന്നറിയിപ്പിനായി ദൈവാത്മാവ് തിരുവചനത്തിലൂടെ വെളിപ്പെടുത്തിയിരിക്കുന്ന സത്യങ്ങളാകുന്നു. മനുഷ്യരുടെ അഭക്തിയും, അനീതിയും, അകൃത്യങ്ങളും അധർമ്മങ്ങളും അതിന്റെ മൂർത്തീഭാവത്തിലെത്തുമ്പോൾ ദൈവക്രോധകലശം ഈ ഭൂമിയിൽ ചൊരിയപ്പെടും. അതേക്കുറിച്ച് തിരുവചനം രേഖപ്പെടുത്തിയിരിക്കുന്നത് "കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും, ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും. ഇങ്ങനെ ഇവയൊക്കെയും അഴിവാനുള്ളതാകയാൽ, ആകാശം ചുട്ടഴിവാനും, മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവദിവസത്തിന്റെ വരവു കാത്തിരുന്നും, ബദ്ധപ്പെടുത്തിയുംകൊണ്ട് നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കണം. എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ടു കാത്തിരിക്കുന്നു" (2പത്രൊ. 3:10-13). പ്രിയമുള്ളവരേ, വിവരിപ്പാനിടം പോരാ. 2021 -ൽ പ്രവേശിക്കുന്ന നമുക്ക് ഇതൊരു മുന്നറിയിപ്പായി ദൈവക്രോധാഗ്നിയിൽ നിന്നും വിടുവിക്കപ്പെടേണ്ടതിനായി പ്രാർത്ഥനയോടും വിശുദ്ധജീവിതത്തോടുംകൂടെ കാത്തിരിപ്പാൻ ഉത്സാഹിക്കാം. ദൈവം കൃപചെയ്യട്ടെ! ❑

# ഇച്ഛിക്കുന്നതും ഇച്ഛിക്കാത്തതും

ജെസ്സി ബെൻസെൻ, കൊച്ചി



**ക**ർത്താവ് തന്റെ ശിഷ്യന്മാരോടും തന്നെ അനുഗമിച്ച പുരുഷാരത്തോടും സംസാരിച്ചപ്പോൾ ഒക്കെയും അവർ ഇച്ഛിക്കുന്നത് നടപ്പിലാക്കുവാൻ എന്ത് ചെയ്യണമെന്ന് ഉപദേശിച്ചിരുന്നതായി കാണാം. ഇച്ഛ എന്താണോ അതിനനുസരിച്ച് അവർ ചെയ്യേണ്ട കാര്യങ്ങളും വ്യത്യസ്തങ്ങളായിരിക്കും.

ഒരുവൻ സൽഗുണപൂർണ്ണനാകുവാൻ ഇച്ഛിക്കുന്നു എങ്കിൽ അവൻ തനിക്കുള്ളത് വിറ്റ് ദരിദ്രർക്കു കൊടുക്കണമെന്നും അങ്ങനെ ചെയ്താൽ സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകുമെന്നും, സൽഗുണപൂർണ്ണനായിത്തീരുന്നതിന് തടസ്സമായി തന്നിലുള്ള കുറവുകളെക്കുറിച്ച് ചോദിച്ച യൗവനക്കാരനോടു യേശു പറഞ്ഞിട്ടുണ്ട് (മത്തായി 19:21). എന്നാൽ കർത്താവിന്റെ പിന്നാലെ വരുവാനാണ് ഒരുവൻ ഇച്ഛിക്കുന്നതെങ്കിൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശെടുത്ത് അനുഗമിക്കുകയാണ് വേണ്ടത് (മത്താ. 16:24).

സൽഗുണപൂർണ്ണനാകുവാനുള്ള ഇച്ഛയും കർത്താവിനെ അനുഗമിക്കുവാനുള്ള ഇച്ഛയും ആത്മീയ താത്പര്യങ്ങളിൽ നിന്നും ഉളവാകുന്നതാണെങ്കിൽ ജഡികമായ താത്പര്യങ്ങളിൽ നിന്നുമുള്ള മഹാനാകുവാനുള്ള ഇച്ഛയോ ഒന്നാമനാകുവാനുള്ള ഇച്ഛയോ ഉള്ളവർ എന്തു ചെയ്യണമെന്നും കർത്താവ് ബുദ്ധി ഉപദേശിച്ചിട്ടുണ്ട്. "നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ ആകേണം" (മത്തായി 20:26,27) എന്നിങ്ങനെയാണ് മേല്പറഞ്ഞ ഇച്ഛകൾ ഓരോന്നിനും വേണ്ടി ചെയ്യേണ്ട പ്രവൃത്തികൾ. മഹാനോ, ഒന്നാമനോ ആകുന്നവൻ ആരും ചെയ്വാൻ ഇച്ഛിക്കാത്ത രണ്ടു പ്രവർത്തനമേഖലകളാണ് ശുശ്രൂഷക്കാരന്റെയും, ദാസന്റെയും. എന്നാൽ തികച്ചും വ്യത്യസ്തമായ പ്രമാണങ്ങളായിരുന്നു കർത്താവു നല്കിയത്.

ഓരോരുത്തരും താന്താങ്ങളുടെ ഇച്ഛകൾക്കനുസരിച്ച് എങ്ങനെ പ്രവർത്തിക്കണം എന്നു കർത്താവു പറഞ്ഞതിനു തൊട്ടു പിന്നാലെ വഴിയരികിലിരുന്ന രണ്ടു കുരുടന്മാർ, തങ്ങളോടു കരുണ തോന്നേണമേ എന്നു നിലവിളിച്ചു. കർത്താവ് അവരോട് ചോദിച്ചതും നിങ്ങൾ എന്ത് ഇച്ഛിക്കുന്നു എന്നായിരുന്നു. അവർക്കു ഒരേയൊരു ഇച്ഛയേ ഉണ്ടായിരുന്നുള്ളൂ. അത് തങ്ങളുടെ കണ്ണ് തുറന്നു കിട്ടേണം എന്നത് മാത്രമായിരുന്നു. എന്നാൽ, അതിന് അവർ ചെയ്യേണ്ട യാതൊരു പ്രവൃത്തിയും ഉണ്ടായിരുന്നില്ല. അത് കർത്താവു ചെയ്യേണ്ട പ്രവൃത്തിയായിരുന്നു. യേശു മനസ്സലിഞ്ഞ് അവരുടെ കണ്ണു തൊടുകയും അവർ കാഴ്ച പ്രാപിക്കയും ചെയ്തു.

കുരുടന്മാർ ചെയ്യേണ്ടിയിരുന്നത് തങ്ങളുടെ ഇച്ഛ എന്തെന്ന് കർത്താവിനോട് പറയുക എന്നത് മാത്രമായിരുന്നു. ആത്മീയ ഉൾക്കാഴ്ച ലഭിക്കുവാൻ നമുക്കു ചെയ്വാനുള്ളതും അത് മാത്രമാണ്. കാര്യങ്ങളെ ആത്മീയമായി കാണുവാനും ഗ്രഹിക്കുവാനും വിലയിരുത്തുവാനുമുള്ള ഉൾക്കാഴ്ചയാണ് നമുക്കു വേണ്ടത്. എന്നാൽ ആത്മീയ അന്ധത തിരിച്ചറിയാത്തതിനാൽ കാഴ്ച വേണമെന്ന ഇച്ഛ പോലും നമുക്കു ഇല്ലാതെയായിരിക്കുന്നു. ലവൊദിക്യസഭയിലെ വിശ്വാസികളെപ്പോലെ തങ്ങൾ കുരുടരെന്ന് സ്വയം തിരിച്ചറിയാത്തതിനാലാണ് ആത്മീയ കാഴ്ച സംബന്ധിച്ച ആവശ്യബോധം നമുക്കു ഇല്ലാതെയാകുന്നത് (വെളി: 3:17,18).

*ശേഷം 25-ാം പേജിൽ*

# പ്രതിസന്ധിയിൽ തളരാതെ വിശ്വാസത്തിൽ നിലനില്ക്കുക
(തുടർച്ച....)

മോളിക്കുട്ടി ചാക്കോ, കണ്ണൂർ



**(2 ശമുവേൽ 24:1-16, 1 ദിന. 21:1-27)**

ദാവീദിന്റെ ജീവിതത്തിൽ ദൈവശിക്ഷ ഏറ്റുവാങ്ങേണ്ടിവന്ന മൂന്നു കാര്യങ്ങൾ ആണ് അവിടെ കാണുവാൻ കഴിയുന്നത്. യഹോവ ദാവീദിന്റെ ദർശകനായ ഗാദിനോട് അരുളിച്ചെയ്തു. ഗാദ് ദാവീദിന്റെ അടുക്കൽ ചെന്നു അവനോടു പറയുന്ന 3 കാര്യങ്ങൾ (1 ദിന. 21:12). ദൈവം പറയാതെ ജനത്തെ എണ്ണി. സാത്താനാണ് യിസ്രായേലിന്നു വിരോധമായി എഴുന്നേറ്റു ജനത്തെ എണ്ണുവാൻ ദാവീദിന് തോന്നിച്ചത് (1 ദിന. 21:1). ശമുവേലിന്റെ പുസ്തകത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. ഭരണാധികാരികൾ പുറപ്പെടുവിക്കുന്ന ഭരണപരിഷ്കാരങ്ങൾ നല്ലൊരു പങ്കും സാത്താന്റെ ആലോചനയാണ്. ആത്മീയഗോളത്തിലും ഇതുതന്നെ സ്ഥിതി. ദൈവമക്കൾ ഏതുകാര്യം ചെയ്യുവാൻ ഒരുങ്ങുമ്പോൾ ദൈവഹിതമാണോ അതോ സാത്താന്റെ ആലോചനയാണോ എന്ന് വിവേചിച്ചറിയണം. ദാവീദ് ജനത്തെ എണ്ണുവാൻ കല്പിച്ചപ്പോൾ സൈന്യാധിപനായ യോവാബ് ഈ തീരുമാനത്തിൽ നിന്നും രാജാവിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു (1 ദിന 21:3). ഇതു ദൈവസന്നിധിയിൽ കുറ്റകരമാണെന്നു യോവാബിനു തോന്നി. എന്നാൽ രാജാവ് കല്പനയിൽ ഉറച്ചുനിന്നു. അവസാനം യോവാബിനും രാജാവിന്റെ കല്പന അനുസരിക്കേണ്ടിവന്നു. ദാവീദ് ജനത്തെ എണ്ണി. ദൈവത്തിന് ഈ കാര്യം അനിഷ്ടമായിരുന്നതുകൊണ്ട് അവൻ യിസ്രായേലിനെ ബാധിച്ചു (21:8). ദാവീദ് ദൈവത്തോട് പാപം ചെയ്തിരിക്കുന്നു എന്നു പറഞ്ഞു ക്ഷമിക്കേണമേ എന്ന് അപേക്ഷിച്ചു. യഹോവ ദാവീദിന്റെ ദർശകനായ ഗാദിനോട് അരുളിച്ചെയ്തത് നീ ദാവീദിനോട് : "ഞാൻ മൂന്നു കാര്യം നിന്റെ മുമ്പിൽ വയ്ക്കുന്നു. അവയിൽ ഒന്നു തിരഞ്ഞെടുത്തുകൊൾക അത് ഞാൻ നിന്നോട് ചെയ്യും എന്നു പറഞ്ഞു" (21:12). അതിൽ മൂന്നാമത്തെ കാര്യം ദാവീദ് തിരഞ്ഞെടുത്തു അങ്ങനെ യഹോവ യിസ്രായേലിൽ മഹാമാരി അയച്ചു. മനുഷ്യന്റെ മുമ്പിൽ വീഴുന്നതിനേക്കാൾ ദൈവത്തിന്റെ കൈകളിൽ വീഴുന്നത് ദാവീദ് തിരഞ്ഞെടുത്തു; ദാവീദ് കുറ്റം സമ്മതിച്ചെങ്കിലും ദൈവം ശിക്ഷ നടപ്പാക്കി.

ദൈവത്തിന്റെ സംഹാരദൂതൻ മഹാമാരി എന്ന വാൾ ഉറയിൽ നിന്നും ഊരി യിസ്രായേലിൽ എഴുപതിനായിരം പേർ വീണുപോയി (21:14). ഒടുവിൽ ഗാദ് പ്രവാചകൻ ദാവീദിനെ സമീപിച്ച് വേഗം ജീവനുള്ള ദൈവത്തിന്റെ മുമ്പിൽ കുറ്റം ഏറ്റുപറഞ്ഞു യാഗപീഠം ഉണ്ടാക്കി യാഗം കഴിക്കുവാൻ ഉപദേശിക്കുന്നു. (21:18,19). ദാവീദ് യാഗപീഠം ഉണ്ടാക്കി യാഗം കഴിച്ചപ്പോൾ സംഹാരദൂതൻ ഊരിയവാൾ വീണ്ടും ഉറയിൽ ഇട്ടു (21:27). ബാധ ദേശത്തെ വിട്ടുപോയി. ദേശത്ത് സമാധാനം ഉണ്ടായി. ഇന്നത്തെ ലോകം ജീവനുള്ള ദൈവത്തെ ആരാധിക്കാൻ തീരുമാനിച്ചാൽ ബാധ വിട്ടുമാറും. ഈ കാലഘട്ടത്തിൽ വിഗ്രഹാരാധനയാണ് പ്രബലമായിരിക്കുന്നത്. യഹോവയായ ദൈവം അരുളിച്ചെയ്തത്. യഹോവയായ ഞാൻ നിന്റെ ദൈവമാകുന്നു. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്. ഒരു വിഗ്രഹം ഉണ്ടാക്കരുത്; സ്വർഗ്ഗത്തിലോ, ഭൂമിയിലോ, സമുദ്രത്തിലോ ഉള്ള യാതൊന്നിന്റെയും പ്രതിമയെ ഉണ്ടാക്കരുത്. അവയെ നമസ്കരിക്കയോ സേവിക്കുകയോ അരുത് (പുറ. 20:2-5). വിഗ്രഹാരാധന

യാണ് ഏറ്റവും വലിയ പാപം ദൈവം വെറുക്കുന്നത്. ലോകം മുഴുവനും ഈ മഹാമാരി യുണ്ടാകുവാനും കാരണം ഇതുതന്നെയാണ് എന്ന് അനുമാനിക്കാം.

കർത്താവിന്റെ വരവിനുമുമ്പ് നടക്കേണ്ട കാര്യങ്ങൾ തിരുവചനത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ നടക്കുന്നത് ഈറ്റുനോവിന്റെ ആരംഭം മാത്രമാണ്. വിശ്വാസികളേ നമുക്ക് ഒന്നും ഭയപ്പെടേണ്ട! നമ്മൾ അത്യുന്നതന്റെ മറവിലാണ് വസിക്കുന്നത്. നമ്മുടെ കർത്താവ് ഏതു പ്രതിസന്ധിയിലും പരിപാലിപ്പാൻ ശക്തനാണ്, പ്രാപ്തനാണ്. എന്റെ കൈകളുടെ നിഴലിൽ നിന്നെ മറെച്ചിരിക്കുന്നു (യെശ. 51:16) യഹോവ നിന്റെ വലത്തുഭാഗത്ത് നിനക്കു തണൽ (സങ്കീ 121:5). നമ്മുടെ ജീവിതത്തിൽ കൊറോണ പ്രതിസന്ധി മൂലം സഭയിൽ ഒരുമിച്ചുള്ള ആത്മീയ കൂട്ടായ്മകൾ ഇല്ലാതെയായി. അതിനുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കേണ്ട സമയം നമ്മൾ ഉപയോഗിക്കുക. കണ്ണുനീരോട് പ്രാർത്ഥിക്കുക. പ്രതിസന്ധിയിൽ തളരാതെ വിശ്വാസത്തിൽ മുന്നേറുക. യാക്കോബ് 1:2-12-ൽ വിവിധപരീക്ഷകളെക്കുറിച്ചാണ് വായിക്കുന്നത്. പരിശോധനയിൽ പതറാതെ വിളിച്ച ദൈവം വിശ്വസ്തൻ എന്ന് എണ്ണിക്കൊണ്ട് മുന്നോട്ടുപോകാം. വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നു അറിഞ്ഞു അതു സന്തോഷം എന്ന് എണ്ണുവിൻ. എന്നാൽ നിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും, സമ്പൂർണ്ണരും ആകേണം... ദൈവം അറിയാതെ ഒന്നും സംഭവിക്കുകയില്ല. പരിശോധനകളെ അതിജീവിക്കുവാൻ കഴിയണം. ഇതിനു കാരണം നാം ആത്മീയമായി വളരുവാൻ, പക്വത പ്രാപിപ്പാൻ, പരിശോധനയും പ്രയാസങ്ങളും, കഷ്ടതയും നമുക്കുണ്ടാകുന്നു. മോശെയ്ക്കു പരിശോധന വന്നു. തിരുവചനത്തിൽ മോശെയെപ്പോലെ സൗമ്യൻ ആരും ഭൂമിയിൽ ഇല്ലായെന്നു കാണുന്നു.

കുറവില്ലാത്തവരായിത്തീരാൻ, നല്ല ഫലം കായ്പാൻ, ചെത്തിവെടിപ്പാക്കുവാൻ പരിശോധന വരുന്നു. കഷ്ടതകളും, പരിശോധനകളും പ്രതികൂലങ്ങളിൽകൂടികടന്നു പോകുമ്പോൾ നമ്മുടെ പ്രതികരണം വലുതായിരിക്കും. പൗലൊസ് പരിശോധനകളിൽകൂടി കടന്നുപോയിട്ടുണ്ട്. യാക്കോബ് 1:12ൽ പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ ജീവകിരീടം പ്രാപിക്കും എന്നു വായിക്കുന്നു. പ്രിയ ദൈവജനമേ, കോവിഡ് കാലഘട്ടം വിനയപ്പെട്ട് താഴ്മയുടെ ഭാവം ഉൾക്കൊണ്ട് മാനസാന്തരത്തിനും യഥാസ്ഥാപനത്തിനുമുള്ള സമയമായി തിരിച്ചറിയേണ്ടിയിരിക്കുന്നു. സഭയാകുന്ന കെട്ടിടത്തിന്റെ അവസാനത്തെ കല്ല് വെച്ചു കഴിയുമ്പോൾ കർത്താവ് മദ്ധ്യാകാശത്തിൽ വരും എന്ന് നാം സാധാരണ പറയാറുണ്ട്. എന്നാൽ ദൈവമക്കൾ ചെയ്യേണ്ട കാര്യം സുവിശേഷം അറിയിച്ച് ആത്മാക്കളെ നേടുകയാണ്. അതുകൊണ്ട് ദൈവജനം ഉണർന്നേ മതിയാകൂ. പ്രതികൂലസാഹചര്യങ്ങളുടെ മദ്ധ്യത്തിൽ സുവിശേഷവുമായി നാം കടന്നുപോകണം. കൊറോണ ബാധിച്ചു മരിച്ചവർ എത്ര പേർ സുവിശേഷം കേട്ടിട്ടുണ്ടായിരിക്കുമോ? ഈ അത്യാപത്ത് നീങ്ങിപ്പോകുവാൻ ദൈവത്തോട് പ്രാർത്ഥിക്കുകയാണ് നാം ചെയ്യേണ്ടത്. പുത്രനിൽ കൂടി അഥവാ യേശുക്രിസ്തുവിൽ കൂടിയാണ് രക്ഷാമാർഗ്ഗം. വഴിയിൽവെച്ച് നശിച്ചുപോകാതിരിക്കുവാൻ പുത്രനെ ചുംബിപ്പിൻ (സങ്കീ. 2:12).

വീണ്ടും ഒരു മഹാദുരന്തം സംഭവിക്കുവാൻ അധികം നാൾ വേണ്ടിവരികയില്ല. എന്താണ് ആ ദുരന്തം? എപ്പോൾ എന്ന് നിശ്ചയം ഇല്ല! എപ്പോൾ വേണമെങ്കിലും സംഭവിക്കാം. കർത്താവായ യേശുക്രിസ്തു തന്റെ വിശുദ്ധന്മാരെ ചേർക്കുവാൻ മദ്ധ്യാകാശത്തിൽ വെളിപ്പെടുവാൻ പോകുന്നു (1 തെസ്സ. 4:16,17). കണ്ണിമയ്ക്കുന്നതിനിടയിൽ നാം രൂപാന്തരം പ്രാപിക്കുവാൻ പോകുന്നു. ഒന്നിച്ചു താമസിച്ചും ജോലി ചെയ്തു ജീവിക്കുന്നവർ പെട്ടെന്ന് അപ്രത്യക്ഷമാകും. ലോകം ഇതുവരെയും കണ്ടിട്ടില്ലാത്ത മഹാസംഭവം. അപ്പോൾ

ലോകത്തിൽ എന്തുമാത്രം മരണം സംഭവിക്കും എന്ന് ചിന്തിക്കുവാൻ ആവതില്ല. എത്രയോ പേർ ഭൂമിയിൽ കൈവിടപ്പെട്ടുപോകും. ആ ദിവസത്തെ ആർക്കും തടുക്കുവാൻ കഴികയില്ല. പിന്നെ അന്തിക്രിസ്തുവിന്റെ ഭരണത്തിൽ അന്നു ജനങ്ങൾ എന്തു ദുരിതങ്ങൾ അനുഭവിക്കുവാൻ പോകുന്നു. രക്ഷിക്കപ്പെട്ട ദൈവമക്കളെ നമ്മൾ ഭാഗ്യശാലികൾ എന്നു പാട്ടുകാരോട് ചേർന്നുപാടാം. നമ്മുടെ ബന്ധുമിത്രാദികൾ ഉറ്റവരും ഉടയവരുമായ ആരും നശിച്ചുപോകാതെ അവരോട് നമ്മെ രക്ഷിച്ച കർത്താവിനെക്കുറിച്ച് പറഞ്ഞു രക്ഷയിലേക്കു കൊണ്ടുവരുവാൻ ഇടയാകട്ടെ. വെള്ളപ്പൊക്കം, പേമാരി, കോവിഡ് ഇവയിൽ നിന്നും ലോകത്തെ രക്ഷിപ്പാൻ സർവ്വശക്തനോട് പ്രാർത്ഥിക്കാം.

കൊറോണ വൈറസിൽ നിന്നും രക്ഷ നേടുവാൻ മാസ്ക്ക് ധരിക്കുന്നത് നിർബ്ബന്ധമാക്കിയിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തെക്കുറിച്ച് രസകരവും ഗൗരവവും ഉള്ളതുമായ പല വിവരങ്ങളും നാം കണ്ടും കേട്ടും വരികയാണ്. ഇന്നു നമ്മുടെ ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്ന ഈ മുഖംമൂടിക്ക് അടുത്ത കാലം വരെയും ക്രിമിനൽ പരിവേഷം ആണ് ഉണ്ടായിരുന്നത്. മുഖംമൂടികൾ എന്നു കേൾക്കുമ്പോൾതന്നെ കള്ളന്മാർ എന്നു മനസ്സിൽ തോന്നും. കുറ്റവാളികളെ അറസ്റ്റ് ചെയ്തുകൊണ്ടുപോകുമ്പോൾ അവരുടെ മുഖം മൂടിക്കൊണ്ടാണ് പോകുന്നത്. എന്നാൽ ഇന്ന് നമുക്ക് ഈ മുഖംമൂടിയില്ലാതെ പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയാണ്. ആയതിനാൽ നമ്മുടെ ന്യൂനതകൾ മറയ്ക്കുവാനാകും എന്നതാണ് മാസ്കിന്റെ പ്രയോജനം. വായും മൂക്കും മറയ്ക്കുമ്പോൾ മുഖത്തിന്റെ അഭംഗിയോ, മുഖക്കുരുവോ, ഉന്തിയപല്ലുകളോ കൊഴിഞ്ഞുപോയപല്ലുകൾ മൂലമുള്ള വൃത്തികേടോ, ഒട്ടിയകവിളുകളോ ഒന്നും ആരും കാണുകയില്ല. മുഖഭാവം പോലും ആർക്കും തിരിച്ചറിയാനാകയില്ല. കണ്ണുകളും നെറ്റിയും മാത്രമാണ് പുറത്തുകാണുന്നത്. തൊട്ടടുത്ത് നില്ക്കുന്നവർക്കുപോലും തിരിച്ചറിയാൻ സാധിക്കത്തില്ല. എന്നാൽ പെൺകുട്ടികൾക്ക് പൂവാലശല്യം ഒരു വലിയതോതിൽ മാസ്ക്ക്കൊണ്ട് ഒഴിവാക്കാൻ സാധിക്കും. പിടികിട്ടാപ്പുള്ളികൾക്ക് രക്ഷപെടാൻ ഈ മുഖംമൂടി എളുപ്പമാണ്. ഇന്ന് നാം അത്യാവശ്യകാര്യത്തിനു പുറത്തുപോയി പെട്ടെന്ന് മടങ്ങിയെത്തും. ഒരു സമ്പർക്കവും ഇല്ലാത്ത ഒറ്റപ്പെട്ട ജീവിതമാണ് നമുക്ക് ഓരോരുത്തർക്കും. മനുഷ്യന്റെ പാപംകാരണമാണ് മഹാമാരിയായ കോവിഡ്-19 ലോകം മുഴുവനും ബാധിച്ചത്. നോഹയുടെ കാലത്ത് ജലപ്രളയമുണ്ടായപ്പോൾ സമ്പൂർണ്ണനാശം ഉണ്ടായി, സോദോമിന്റെ ദുരന്തം കോവിഡ്-19 നു മുമ്പ് ജലപ്രളയം ഉണ്ടായി. ഈ ദുരന്തങ്ങൾ പണക്കാരെയും, പാവപ്പെട്ടവരെയും, ഭരണാധികാരികളെയും വിശ്വാസി എന്നോ അവിശ്വാസിയെന്നോ വ്യത്യാസമില്ലാതെ എല്ലാവരെയും ബാധിച്ചു. കഷ്ടകാലത്ത് ദൈവം തന്റെ മക്കളോടു കൂടെ ഉണ്ടെന്നു പറഞ്ഞ ഉറപ്പായ വാക്കുകൾ വിശ്വസിക്കുന്നില്ല. ഇന്ന് എത്രയോ ക്രൂരകൃത്യങ്ങൾ ആണ് മനുഷ്യൻ ചെയ്യുന്നത്. പാപം പെരുകിയപ്പോൾ ദൈവം പകർച്ചവ്യാധിയെ അയച്ചു. തിരുവചനധ്യാനം നിന്നുപോയി; ആത്മീയനിലവാരം താണുപോയി കുടുംബപ്രാർത്ഥനയും നിന്നുവരികയാണ്. ഇന്ന് നമുക്ക് സർവ്വശക്തന്റെ സാന്നിദ്ധ്യവും കൂട്ടായ്മയും ആവശ്യമാണ്. ഒരു സമർപ്പണജീവിതം നയിക്കുവാൻ പ്രാർത്ഥന വളരെ അത്യാവശ്യമാണ്. മനുഷ്യനെ സൃഷ്ടിച്ചത് ദൈവവുമായുള്ള കൂട്ടായ്മയിൽ വസിക്കുവാനാണ് (ആവർത്തനം 28:58-61).

ലോകത്താകമാനമുള്ള ദൈവജനത്തിനു ബാലശിക്ഷയായിട്ടുവേണം ഈ വല്ലാത്ത പകർച്ചവ്യാധിയെ കാണാൻ. ദൈവഹിതമനുസരിച്ചു ദൈവമക്കൾ ജീവിച്ചില്ലെങ്കിൽ ദൈവം ശിക്ഷിക്കും. ദൈവം ശിക്ഷിക്കുന്നത് തിന്മയ്ക്ക് വേണ്ടിയല്ല നന്മയ്ക്കുവേണ്ടിയാണ് (എബ്രാ. 12:5). ഇന്ന് ആർക്കും ദൈവഭയം ഇല്ല.

*ശേഷം 26-ാം പേജിൽ*

# പൈതലിന്റെ സൗന്ദര്യം തിരിച്ചറിഞ്ഞവൾ



എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ

**വി.**വേദപുസ്തകത്തിൽ പുറപ്പാട് 2:1 മുതൽ 10 വരെയുള്ള വാക്യങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു. "ലേവികുടുംബത്തിലെ ഒരു പുരുഷൻ പോയി ഒരു ലേവ്യ കന്യകയെ പരിഗ്രഹിച്ചു. അവൾ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. അവൻ സൗന്ദര്യമുള്ളവൻ എന്നു കണ്ടിട്ട് അവനെ മൂന്നുമാസം ഒളിച്ചുവച്ചു." തുടർന്നുള്ള പ്രസക്തഭാഗങ്ങളിലൂടെ കുഞ്ഞിന്റെ അമ്മയായ യോഖേബെദ് കുഞ്ഞിനെ എങ്ങനെ സുരക്ഷിതമായി ഒളിപ്പിച്ചുവെന്നും, ആ കുഞ്ഞ് ആരുടെ കൈകളിൽ എത്തിയെന്നും ആര് അവന് പേരിട്ടുവെന്നും ആര് പാലൂട്ടിയെന്നും എവിടെ വളർന്നുവെന്നും കാണുവാൻ കഴിയും.

ഇവിടെ എന്തുകൊണ്ടാണ് അമ്മയായ യോഖേബെദ് തന്റെ കുഞ്ഞിനെ ഒളിപ്പിച്ചതെന്ന് പുറപ്പാട് 1:8-9 ഭാഗങ്ങളിൽ കാണുന്നു. യോസേഫിനെ അറിയാത്ത പുതിയൊരു രാജാവ് മിസ്രയീമിൽ ഉണ്ടായി. അവൻ തന്റെ ജനത്തോട്: യിസ്രായേൽ ജനം ബാഹുല്യവും ശക്തിയുമുള്ളവരാകുന്നു. ഇസ്രായേല്യരുടെ കഴിവ് കണ്ട് ഭയപ്പെട്ട ഫറവോൻ അവരെ തടയുവാനായി ഒരു ഉപായം കണ്ടുപിടിച്ചു. പിറന്നുവീഴുന്ന എബ്രായ ആൺകുഞ്ഞുങ്ങളെ നൈൽനദിയിൽ എറിഞ്ഞുകൊല്ലുക. ഈ കാലയളവിലാണ് നമ്മുടെ മോശെകുഞ്ഞിന്റെ ജനനം. തന്റെ കുഞ്ഞിൽ കണ്ട അസാധാരണ സൗന്ദര്യം മുഖാന്തരം അവൾ കുഞ്ഞിനെ രക്ഷിക്കുവാൻ തീരുമാനിച്ചു. അമ്മ കണ്ട കുഞ്ഞിന്റെ സൗന്ദര്യം ശാരീരികസൗന്ദര്യമല്ല, പ്രത്യുത അവൻ ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെട്ടവനാണെന്നുള്ളതാണ്.

യോഖേബെദിനെപ്പറ്റി തിരുവചനത്തിൽ പുറപ്പാട് 6:20 ൽ ഇപ്രകാരം പരാമർശിച്ചിരിക്കുന്നു. അവൾ അമ്രാമിന്റെ പിതാവിന്റെ സഹോദരിയായിരുന്നു. ആ കാലഘട്ടത്തിൽ അങ്ങനെയുള്ള വിവാഹങ്ങൾ അനുവദനീയവും സാധാരണവുമായിരുന്നു.

ഏതു കാലയളവിലും നമുക്ക് ദൈവത്തിന്റെ മഹത്ത്വം എപ്പോഴും സർവ്വചരാചരങ്ങളിലൂടെ ദർശിക്കുവാൻ സാധിക്കുമെങ്കിലും അത് പ്രസിദ്ധമാക്കുവാൻ ദൈവം തിരഞ്ഞെടുക്കുന്നത് മനുഷ്യരെയാണ്. ഇവിടെ ദൈവത്തിന്റെ മഹത്ത്വം വെളിപ്പെടുത്താൻ തിരഞ്ഞെടുത്തത് യോഖേബെദ് എന്ന സ്ത്രീരത്നത്തെയാണ്. പുറപ്പാട് 2 ന്റെ 1 മുതൽ 10 വരെയുള്ള ഭാഗങ്ങളിലൂടെ ഒന്നു കണ്ണോടിച്ചാൽ യോഖേബെദിന്റെ ആത്മധൈര്യവും വിശ്വാസപ്രദർശനവും നമുക്ക് മനസ്സിലാകും. തന്നെയുമല്ല തന്റെ കുഞ്ഞിനെ ശത്രുവായ ഫറവോന്റെ കൈയ്യിൽ നിന്നും രക്ഷിക്കുവാൻ അവൾ കണ്ടുപിടിച്ച മാർഗ്ഗവും വലുതാണ്. ഒരു പക്ഷേ അവളുടെ പ്രവൃത്തിയുടെ ശ്രേഷ്ഠത കൊണ്ടാകാം തിരുവചനത്തിൽ വിശ്വാസവീരന്മാരുടെ പട്ടികയിലേക്കുയർത്തിയതും.

മോശെക്കുഞ്ഞിനെപ്പറ്റി തിരുവചനത്തിൽ പുറപ്പാട് 2:2-ൽ സൗന്ദര്യമുള്ളവനായും അപ്പൊസ്തലപ്രവൃത്തി 7:20-ൽ ദിവ്യസുന്ദരനായും എബ്രായർ 11:23 ൽ ശിശു സുന്ദരൻ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇവിടെയെല്ലാം പരാമർശിച്ചിരിക്കുന്ന സൗന്ദര്യം അക്ഷരികമല്ല പിന്നെയോ, "ദൈവത്തിനുവേണ്ടി വേർതിരിച്ചവൻ" എന്നാണർത്ഥമാക്കിയിരിക്കുന്നത്. ഈ തിരിച്ചറിവാണ് അമ്മയായ യോഖേബെദിലും ദൈവം നല്കിയത്.

കുഞ്ഞുങ്ങൾ നഷ്ടപ്പെട്ട അമ്മമാരുടെ കണ്ണീർ അലകടലായി പരിണമിച്ചപ്പോൾ ദൈവത്തിനുവേണ്ടി വേർതിരിച്ചവനെ എങ്ങനെ പരിപാലിക്കുന്നുവെന്ന് തിരുവചനം മോശെക്കുഞ്ഞിലൂടെ നമ്മെ കാണിച്ചുതരുന്നു. ഞാങ്ങണപ്പെട്ടിയിലൊളിപ്പിച്ച കുഞ്ഞിനെ ചീങ്കണ്ണി

നിറഞ്ഞ നൈൽ നദിയിൽ ഒഴുക്കി വിട്ടപ്പോൾ ആ കുഞ്ഞിനെ രക്ഷിക്കുവാനായി ഫറവോന്റെ പുത്രി കുളിക്കാൻ വരുന്നതും, കുഞ്ഞിനോട് അനുകമ്പതോന്നുന്നതും, പാലൂട്ടാൻ സ്വന്തം മാതാവിന്റെ കരങ്ങളിൽ ഏല്പിക്കുന്നതും, ശത്രുവിന്റെ കൊട്ടാരത്തിൽ ഫറവോന്റെ മകളുടെ മകനായി വളരുന്നതും ദൈവപ്രവൃത്തി തന്നെ.

സഹോദരങ്ങളേ, തന്നിൽ ഏകാഗ്രചിത്തരായിരിക്കുന്നവരെ ദൈവം അത്ഭുതകരമായി പരിപാലിക്കുന്നുവെന്നു ഒന്നുകൂടി ഈ ഭാഗങ്ങളിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നു. തന്നെയുമല്ല ദൈവത്തിനുവേണ്ടി ഏതു സാഹചര്യത്തിലും എന്തും പ്രവർത്തിക്കാൻ മടിക്കാത്ത വിശ്വാസവുമാണ് ദൈവത്തിനാവശ്യം. അവർക്കു മാത്രമേ ദൈവികദൗത്യങ്ങൾ ദൈവഹിതപ്രകാരം പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂവെന്നും യോഖേബെദിലൂടെ തിരുവചനം കാണിച്ചുതരുന്നു.

ഇവിടെ യോഖേബെദ് ആദ്യമായി ചെയ്തത് അവളിലെ വിശ്വാസത്തിന്റെ അതേയളവ് തന്റെ മക്കളിലേക്ക് പകർന്ന് ദൈവത്തിന്റെ മഹത്ത്വകരമായ ശുശ്രൂഷയ്ക്ക് അവരെ ഒരുക്കിയെടുത്തു. യിസ്രായേൽ ചരിത്രത്തിൽ വിവിധ മണ്ഡലങ്ങളിൽ അത്യധികമായി ശോഭിച്ചവരാണ് യോഖേബെദിന്റെ മക്കൾ. യഥാർത്ഥ എബ്രായ രക്തം അവരുടെ സിരകളിലൂടെ പ്രവഹിച്ചെന്നുമാത്രമല്ല, മൂവരും യഹോവയിൽ അടിയുറച്ചു വിശ്വസിച്ചവരും, ന്യായപ്രമാണത്തിൽ അത്യന്തം നിഷ്ഠയുള്ളവരുമായിരുന്നു.

യിസ്രായേൽ ചരിത്രത്തിന്റെ ആകെത്തുകയായിത്തീർന്ന മോശെ; യിസ്രായേൽ പൗരോഹിത്യത്തിന്റെ അടിത്തറയും പിതാവുമായിത്തീർന്ന അഹരോൻ; യിസ്രായേലിലെ ഒന്നാമത്തെ മധുരഗായികയും, ഗാനരചയിതാവുമായ മിര്യാം (സ്ത്രീജനത്തിന് മാതൃകയായവൾ) യോഖേബെദിന്റെ മകൾ ആയിരുന്നു.

പ്രിയമുള്ളവരേ, ഈ കാലഘട്ടത്തിൽ നമുക്കും തിരുവചനവും, സഭകളും, ദൈവാലയങ്ങളും, ദൈവത്തിന്റെ അഭിഷിക്തന്മാരും, ക്രൈസ്തവപാരമ്പര്യവും ഉണ്ട് എങ്കിലും നമ്മുടെ പ്രവൃത്തിയും വിശ്വാസവും ഒന്നുകൂടി പരിശോധിക്കേണ്ടിയിരിക്കുന്നു.

നമുക്ക് ഈ കാലഘട്ടത്തിൽ തിരുവചനത്തിലൂടെ മാതൃകയായിരിക്കുന്ന യോഖേബെദ് തന്റെ കുഞ്ഞുങ്ങൾക്കുവേണ്ടി എപ്രകാരം ദൈവത്തോടു ചേർന്നു നിന്നുവോ അതുപോലെ നമ്മിലെ ദൈവവിശ്വാസം നമ്മുടെ കുഞ്ഞുങ്ങൾക്ക് പകർന്നു നല്കാം. നമ്മുടെ കുഞ്ഞുങ്ങൾ ദൈവത്തിന്റെ വകയാണെന്നുള്ള തിരിച്ചറിവ് ഓരോ സഹോദരിമാർക്കും ദൈവം നല്കിയിട്ടുണ്ട്. നമ്മുടെ കുഞ്ഞുങ്ങളെ വചനത്തിലുറപ്പിച്ച് ആത്മബലം നല്കി അവരോട് ചേർന്നുനിന്നു പ്രാർത്ഥിക്കാം. അതിനായി സമയം കണ്ടെത്തി പ്രാർത്ഥനാവലയത്തിൽ കുഞ്ഞുങ്ങളെ ചേർത്തുപിടിക്കാം. നമ്മുടെ കുഞ്ഞുങ്ങളുടെ നിത്യത നഷ്ടപ്പെടുത്താൻ ഈ ലോകത്തിന്റെ പ്രഭു പദ്ധതിയിട്ടിരിക്കുന്ന കാര്യം ആരും വിസ്മരിക്കരുത്. നമ്മുടെ കുഞ്ഞുങ്ങളെ ഈ ലോകമാകുന്ന സാഗരത്തിൽ മുക്കിക്കൊല്ലാൻ ശ്രമിക്കുന്ന ദുഷ്ടന്റെ തന്ത്രങ്ങളിൽ നിന്നു രക്ഷപ്പെടുത്താൻ നമുക്ക് ക്രിസ്തുവാകുന്ന ഞാങ്ങണപ്പെട്ടിയിൽ ആക്കി ആത്മബലമാകുന്ന പശയും ചേർത്ത് അടച്ച് ലോകമാകുന്ന സാഗരത്തിലേക്ക് (ഇറക്കാം) ഒഴുക്കാം. ദൂതന്മാർ അവരെ ദുഷ്ടൻ തൊടാതെ ശത്രു ആക്രമിക്കാതെ നിത്യതയുടെ തുറമുഖത്തെത്തിക്കും. ദൈവം അവരിലൂടെ എന്താഗ്രഹിക്കുന്നുവോ അതും നിറവേറാൻ നമുക്കും പ്രാർത്ഥിക്കുന്ന സഹോദരികളാകാം.

"കൊടുങ്കാറ്റും തിരമാലയും പടകിൽ
വന്നാഞ്ഞടിക്കും
നേരെമെന്റെ ചാരെയുണ്ട് നാഥനെന്നും
വല്ലഭനായ്"

ഈ ഭക്തൻ പാടിയതുപോലെ നമുക്കും കുഞ്ഞുങ്ങൾക്കുവേണ്ടി പാടി അവരെ ബലപ്പെടുത്താം. അതിനായി കരുണാനിധിയായ കർത്താവ് നമ്മെ ഓരോരുത്തരെയും ബലപ്പെടുത്തുകയും അനുഗ്രഹിക്കുകയും ചെയ്യട്ടെയെന്നുള്ള പ്രാർത്ഥനയോടുകൂടി നിർത്തുന്നു. ❑

# പ്രാർത്ഥനയുടെ ശക്തി

ജോയമ്മ സാംസൺ, കൊല്ലം



**ദൈവം** തന്റെ സ്വരൂപത്തിലാണ് മനുഷ്യനെ സൃഷ്ടിച്ചത്. ദൈവത്തോടുകൂടെ വസിക്കുക എന്നതായിരുന്നു മനുഷ്യസൃഷ്ടിയുടെ ഉദ്ദേശ്യം. നാം അധിവസിക്കുന്ന ഭൂമിയും അതിലുള്ളതെല്ലാം തന്നെ മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണ്. ദൈവത്തിലുള്ള ത്രിത്വം പോലെതന്നെ മനുഷ്യനും മൂന്നു അവസ്ഥാന്തരങ്ങളുണ്ട്: ദേഹം, ദേഹി, ആത്മാവ്. ഇതിൽ ശരീരം പൊടിയിൽ നിന്നും എടുത്തിട്ടുള്ളതിനാൽ അതു ഭൂമിയോടു ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ ഭൂമിയിൽ ലഭിക്കുന്ന വായു, വെള്ളം, ആഹാരം, മറ്റുള്ളവരോടുള്ള കൂട്ടായ്മ ഇവയെ ഒക്കെ നാം ആശ്രയിക്കേണ്ടിയിരിക്കുന്നു. എന്നാൽ നമ്മുടെ ആത്മാവും ദേഹിയും ദൈവത്തോടു ബന്ധപ്പെട്ടിരിക്കുന്നു. തന്മൂലം നമുക്കു ദൈവത്തെ ആശ്രയിക്കാതെ ജീവിക്കാൻ സാധ്യമല്ല. അതിനാൽ നാം നമ്മുടെ ഓരോ ആവശ്യങ്ങൾക്കായും ദൈവത്തോടു ബന്ധപ്പെടണം. അതു മനസ്സിലാക്കി നാം ദൈവത്തോടു സംസാരിക്കുന്നതാണ് പ്രാർത്ഥന. ഈ ഭൂമിയിലുള്ള നമ്മുടെ പിതാവിനോടു നാം എത്രമാത്രം വിശ്വാസത്തോടും സ്വാതന്ത്ര്യത്തോടും കൂടെയാണോ സംസാരിക്കുന്നത് അത്ര തന്നെ വിശ്വാസത്തോടും സ്വാതന്ത്ര്യത്തോടും കൂടെ നമുക്കു ദൈവത്തോടും സംസാരിക്കാം; നമ്മുടെ പ്രയാസഘട്ടങ്ങളിൽ പ്രത്യേകിച്ചും.

ഈ ലോകജീവിതത്തിൽ വിശ്വാസികളായ നമുക്ക് വിവിധ പ്രതിസന്ധികൾ അഭിമുഖീകരിക്കേണ്ടിവരും. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നാം എന്തു ചെയ്യണമെന്നു എസ്ഥേർരാജ്ഞിയുടെ ജീവിതത്തിലൂടെ ദൈവം നമ്മോടു സംസാരിക്കുന്നു.

എസ്ഥേർ വെറും ഒരു അടിമ പെൺകുട്ടിയായിരുന്നു. എന്നാൽ അവൾ സുന്ദരിയും സുമുഖിയുമായിരുന്നു. എന്തിനാണു ഈ അനുഗ്രഹം ദൈവം അവൾക്കു നല്കിയത്? അവളെ സുമുഖിയായി വസ്ഥിക്കു പകരം അഹശ്വേരോശ് രാജാവിന്റെ രാജ്ഞിയാക്കാൻ. അതിനും ദൈവത്തിനു ചില ലക്ഷ്യങ്ങളുണ്ട്. തന്റെ ജനമായ യിസ്രായേൽ അക്കാലത്ത് അഹശ്വേരോശ് രാജാവിന്റെ രാജ്യത്തിലേക്കു അടിമകളായി കൊണ്ടുവരപ്പെട്ടിരിക്കയാണ്. അവരെ ഒന്നടങ്കം നശിപ്പിക്കാനായി ഹാമാന്റെ നേതൃത്വത്തിൽ രാജാവിന്റെ രാജധാനിയിലെ പ്രഭുക്കന്മാർ കരുനീക്കുന്നു. അതിനു തടസ്സമുണ്ടാക്കി ദൈവജനത്തെ രക്ഷിക്കണം. അതായിരുന്നു എസ്ഥേറിനു രാജ്ഞീപദം ഒരുക്കുന്നതിൽ ദൈവത്തിന്റെ ഉദ്ദേശ്യം.

പ്രിയ ദൈവജനമേ, ദൈവം നമുക്കു തരുന്ന ഓരോ അനുഗ്രഹത്തിനും ദൈവത്തിനു ചില ഉദ്ദേശ്യങ്ങളുണ്ട്. സൗന്ദര്യമായാലും പദവി ആയാലും പണമായാലും കഴിവുകളായാലും അവയെല്ലാം ദൈവനാമമഹത്ത്വത്തിനായി പ്രയോജനപ്പെടുത്തണം. സംഗീതവാസന എല്ലാവർക്കും ലഭിക്കുകയില്ല. ലഭിച്ചിട്ടുള്ള ദൈവമക്കൾ ആ കഴിവ് ദൈവമഹത്ത്വത്തിനായി ഉപയോഗപ്പെടുത്തുക. സിനിമാഗാനങ്ങൾ ആലപിക്കാൻ പോകരുത്. ഒരു ഉയർന്ന ഉദ്യോഗം ലഭിച്ചാൽ അതിലൂടെയും ദൈവനാമം മഹത്ത്വപ്പെടട്ടെ. പണസമ്പാദനമാർഗ്ഗമായി തീർക്കരുത് ആ പദവി. ഒരു ഡോക്ടറാകുവാൻ ദൈവം അവസരം തന്നാൽ അതും ദൈവം തരുന്ന അവസരമാണെന്നോർക്കുക. സാധുക്കളോടു കരുണ കാണിക്കുക മാത്രമല്ല ദൈവം ഉദ്ദേശിക്കുന്നത്. നമ്മുടെ രക്ഷകനെക്കുറിച്ച് മറ്റുള്ളവരെ അറിയിക്കുവാനായി ദൈവം തരുന്ന അവസരം. പണവും ദൈവം തരുന്ന നന്മയാണ്. എന്തിനുവേണ്ടി? എളിയവരോടു കൃപകാട്ടുവാനും സുവിശേഷവയലിൽ അദ്ധ്വാനിക്കുന്നവരെ സഹായിക്കുവാനും,

മറ്റൊരു വിധത്തിൽ ചിന്തിച്ചാൽ നാം ഓരോ രുത്തരും ഓരോരോരോ ഉദ്ദേശ്യ നിവൃത്തിക്കായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ്. ചിലരെ സ്വന്തകുടുംബസംരക്ഷണത്തിനായി; ചിലരെ മറ്റുള്ളവരെ സഹായിപ്പാനായി, ചിലരെ സ്വകുടുംബത്തിൽതന്നെ രക്ഷിക്കപ്പെടാതെ ദൈവത്തിൽ നിന്നകന്നു കഴിയുന്ന വ്യക്തി കളെ നേടുവാൻ, ചിലരെ പ്രത്യേകമായ പ്രാർത്ഥനാവരം നല്കി, മറ്റുചിലരെ ആതുര ശുശ്രൂഷക്കായി. ഇങ്ങനെ പലവിധമായ കൃപാ വരങ്ങൾ നല്കിയാണ് ദൈവം നമ്മെ നിയമി ച്ചാക്കിയിരിക്കുന്നത്. നമുക്കു ലഭിച്ചിരിക്കുന്ന ശുശ്രൂഷാവരം എന്തുതന്നെയായാലും അതു മനസ്സിലാക്കി ചോദ്യം ചെയ്യാതെ ദൈവത്തെ അനുസരിക്കാം.

യഹൂദനായ മൊർദ്ദെഖായി തന്നെ വണങ്ങിയില്ല എന്ന കാരണത്താൽ യഹൂദാ വംശത്തെ മുഴുവനും കൊന്നൊടുക്കുവാൻ ഹാമാൻ കുതന്ത്രങ്ങൾ മെനഞ്ഞു. അതിനായി ഹാമാൻ രാജാവിൽ നിന്നും അധികാരപത്രവും സംഘടിപ്പിച്ചു. മൊർദ്ദെഖായിയെ തൂക്കിലേറ്റു വാൻ കഴുമരവും തന്റെ ഭവനാങ്കണത്തിൽ പണികഴിപ്പിച്ചു. ഈ സന്ദർഭത്തിൽ തന്റെ ജനത്തെ രക്ഷിക്കുവാനാണ് ദൈവം എസ്ഥേ റിനെ രാജ്ഞീപട്ടം അണിയിച്ചത്. ഹാമാൻ, എസ്ഥേർ ഒരു യഹൂദാ വംശജയാണെന്നു അറി ഞ്ഞിരുന്നതുമില്ല.

യഹൂദാ ജനത്തിനു വരാൻ പോകുന്ന വിപത്തിനെപ്പറ്റി അറിഞ്ഞ എസ്ഥേർ മൊർദ്ദെ ഖായിക്കു കൊടുത്ത സന്ദേശം ഇപ്രകാരമായി രുന്നു. "അടുത്ത മുപ്പതു ദിവസത്തിനുള്ളിൽ രാജസന്നിധിയിലേക്കു ചെല്ലുവാൻ രാജാവു വിളിച്ചിട്ടില്ല. വിളിക്കപ്പെടാതെ രാജസന്നിധിയി ലേക്കു ആരെങ്കിലും ചെന്നാൽ രാജാവു പൊൻചെങ്കോൽ അവരുടെ നേരെ നീട്ടിയില്ലെ ങ്കിൽ ആ വ്യക്തി വധിക്കപ്പെടും. അതിനു മൊർദ്ദെഖായിയുടെ മറുപടി: "നീ ഈ സമ യത്തു മിണ്ടാതിരുന്നാൽ യഹൂദന്മാർക്കു മറ്റൊരു സ്ഥലത്ത് നിന്നു ഉദ്ധാരണവും രക്ഷയും ഉണ്ടാകും; എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചുപോകും; ഇങ്ങനെ യുള്ളോരു കാലത്തിന്നായിട്ടല്ലയോ നീ രാജ സ്ഥാനത്തു വന്നിരിക്കുന്നത്?" (എസ്ഥേർ 4:14).

ഈ പ്രതിസന്ധിഘട്ടത്തിൽ എസ്ഥേർ എന്തു ചെയ്തു? അവൾ ദൈവമുഖത്തേക്കു നോക്കി. തന്നെ ഈ സ്ഥാനത്തു നിയമിച്ച ദൈവം തന്നെ ഇതിനു പോംവഴിയും ഉണ്ടാക്കും എന്ന വൾ വിശ്വസിച്ചു. അവൾ മൊർദ്ദെഖായിയോടു മറുപടി പറയാൻ കല്പിച്ചത്: " നീ ചെന്നു ശൂശ നിലുള്ള എല്ലാ യഹൂദന്മാരെയും ഒന്നിച്ചു കൂട്ടി, നിങ്ങൾ മൂന്നുദിവസം രാവും പകലും തിന്നു കയോ കുടിക്കയോ ചെയ്യാതെ എനിക്കുവേണ്ടി ഉപവസിപ്പിൻ; ഞാനും എന്റെ ബാല്യക്കാരത്തി കളും അങ്ങനെ തന്നെ ഉപവസിക്കും; പിന്നെ ഞാൻ നിയമപ്രകാരമല്ലെങ്കിലും രാജാവിന്റെ അടുക്കൽ ചെല്ലും; ഞാൻ നശിക്കുന്നു എങ്കിൽ നശിക്കട്ടെ''. സ്വജനത്തിനുവേണ്ടി തന്റെ ജീവൻപോലും ഉപേക്ഷിക്കാൻ അവൾ തയ്യാ റായി. ദൈവം പ്രാർത്ഥന കേട്ടു. മൂന്നാം ദിവസം എസ്ഥേർ രാജസന്നിധിയിൽ ചെന്നു. രാജാവിനു അവളോടു കൃപ തോന്നി. അവൾ നടത്തുന്ന വിരുന്നിൽ പങ്കുചേരുവാൻ അവൾ രാജാവിനെയും ഹാമാനെയും ക്ഷണിച്ചു. അടുത്ത ദിവസവും അങ്ങനെതന്നെ ചെയ്തു. എന്നാൽ അന്നു രാത്രി രാജാവിനു ദൈവം ഉറക്കം കൊടുത്തില്ല. ദൈവം രാജാവിന്റെ ഹൃദ യത്തിൽ പ്രവർത്തിക്കുവാൻ തുടങ്ങി. നിദ്രാ വിഹീനനായ രാജാവു ദിനവൃത്താന്തപു സ്തകം വായിച്ചു കേട്ടു. അതിൽ മൊർദ്ദെ ഖായി രാജാവിനെ കൈയേറ്റക്കാരിൽ നിന്നു രക്ഷിക്കാൻ കാരണമായ സംഗതി വായിച്ചു കേൾക്കുവാനിടയായി. തത്ഫലമായി രാജാവു മൊർദ്ദെഖായിയെ ആദരിക്കുവാൻ തീരുമാനിച്ചു. അതുനിമിത്തം യഹൂദജാതിയും രക്ഷപ്പെട്ടു. മൊർദ്ദെഖായിക്കായി ഒരുക്കിയിരുന്ന കഴുമര ത്തിൽ ഹാമാൻ തൂക്കിലേറ്റപ്പെട്ടു. താൻ കുഴിച്ച കുഴിയിൽ താൻതന്നെ വീണു. പ്രാർത്ഥനയുടെ ശക്തി എത്ര വലിയത്? ''അറിവുകൂടാതെ ആലോചനയെ മറിച്ചുകളയുന്നോരിവനാർ?" (ഇയ്യോ. 42:3).

എസ്ഥേർ തന്റെ ജനത്തിന്റെ വിടുതലി നായി സ്വന്ത കഴിവിലല്ല ആശ്രയിച്ചത്. അവൾ സർവ്വശക്തനായ ദൈവത്തിൽ ആശ്രയിച്ചു. അവൾ താൻ മാത്രമല്ല മറ്റുള്ളവരെയും തന്റെ കൂടെ പ്രാർത്ഥനയ്ക്കായി ക്ഷണിച്ചു. ഒരു ജന തതിയുടെ കൂട്ടായുള്ള പ്രാർത്ഥന വളരെ ഫലം

ചെയ്തു. മാത്രമല്ല എസ്ഥേർ ഉന്നതസ്ഥാനീയ യെങ്കിലും നിഗളിച്ചില്ല. താഴ്മ ധരിച്ചു. തന്റെ പിതൃതുല്യനായ മൊർദ്ദെഖായിയുടെ ഉപദേശം അനുസരിച്ചു. ദൈവം തന്നെ ആക്കിവെച്ച സ്ഥാനത്ത് സ്വപ്രാണനെ തൃണവൽഗണിച്ചു കൊണ്ട് ലാഭമായിരുന്നതിനെ ഒക്കെയും ചേത മെന്നെണ്ണി സ്വജാതിയെ രക്ഷിക്കാൻ പ്രവർത്തി ക്കുന്നു. പ്രാർത്ഥന എന്ന ആയുധമാണ് അവൾ അതിനു തിരഞ്ഞെടുത്തത്.

നമ്മുടെ കർത്താവും തന്റെ ക്രൂശീകര ണത്തിനുമുമ്പ് അതിവ്യഥയിലായി. പത്രൊസി നെയും സെബദിപുത്രന്മാർ ഇരുവരെയും കൂട്ടി ഗെത്ത്ശെമനതോട്ടത്തിൽ ചെന്നു അതിദുഃഖ ത്തോടെ തന്റെ പിതാവിനോടു പ്രാർത്ഥിച്ചു. "പിന്നെ അവൻ അല്പം മുമ്പോട്ടു ചെന്നു കവി ണ്ണുവീണു: പിതാവേ, കഴിയുമെങ്കിൽ ഈ പാന പാത്രം എങ്കൽനിന്നു നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുംപോലെ അല്ല, നീ ഇച്ഛിക്കുംപോലെ ആകട്ടെ എന്നു പ്രാർത്ഥിച്ചു" (മത്തായി 26:39).

ദൈവസഭയുടെ ആരംഭഘട്ടത്തിൽ ഹെരോദാരാജാവ് സഭയെ പീഡിപ്പിക്കുവാൻ തുടങ്ങി. യോഹന്നാന്റെ സഹോദരനായ യാക്കോബിനെ അവൻ വാൾകൊണ്ടു കൊന്നു. പത്രൊസിനെ പിടിച്ചു കാരാഗൃഹത്തിലാക്കി. ആ സമയത്ത് സഭ ശ്രദ്ധയോടെ അവനുവേണ്ടി ദൈവത്തോടു പ്രാർത്ഥന കഴിച്ചുപോന്നു. പ്രാർത്ഥനയുടെ ഫലമായി സ്വർഗ്ഗം തുറന്നു, ദൈവദൂതൻ ഇറങ്ങിവന്നു, കാരാഗൃഹവാതിലു കൾ തുറക്കപ്പെട്ടു. ചങ്ങലകൾ അഴിഞ്ഞുവീണു. പത്രൊസ് സ്വതന്ത്രനായി, ഇരുമ്പുവാതിലിനേ ക്കാൾ കാരാഗൃഹത്തേക്കാൾ, ഇരുമ്പുചങ്ങല യെക്കാൾ ശക്തിയുള്ളതാണ് പ്രാർത്ഥന. ദൈവമക്കൾ ഏകമനസ്സോടെ ഒരുമിച്ചുകൂടിയി രുന്നു പ്രാർത്ഥിക്കുമ്പോൾ അത്ഭുതങ്ങൾ നടക്കും.

പ്രിയ സഹോദരിമാരേ, നമ്മുടെ ജീവി തത്തിൽ നേരിടുന്ന ഓരോ കഷ്ടതയും ദൈവം അറിയാതെ വരുന്നതല്ല. അതിനെ നേരിടേണ്ടത് എങ്ങനെയെന്നു നമുക്കു മാർഗ്ഗനിർദ്ദേശം നല്കുന്നതാണ് എസ്ഥേറിൽക്കൂടെ നമുക്കു ലഭിക്കുന്ന ഈ പാഠം. മാത്രമല്ല നമ്മുടെ കർത്താവിനെപ്പോലെ നമ്മുടെ ജീവിതത്തിൽ എന്തുനേരിട്ടാലും അതു ദൈവഹിതത്തിനു ഏല്പിച്ചുകൊടുക്കണം. പൗലൊസിനോടു പറ ഞ്ഞതുപോലെ "എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു" (2 കൊരി. 12:9) എന്നായിരിക്കാം ചില പ്പോൾ ഉത്തരം ലഭിക്കുക. അങ്ങനെയെങ്കിൽ സന്തോഷത്തോടെ അതും സ്വീകരിക്കുവാൻ നാം തയ്യാറാകണം. പത്രൊസിനെ കാരാഗൃഹ ത്തിൽ നിന്നു മോചിപ്പിക്കുവാൻ സഭയാണ് പ്രാർത്ഥനയുടെ ഉത്തരവാദിത്വം ഏറ്റെടുത്തത്. മർക്കൊസിന്റെ അമ്മ മറിയയുടെ ഭവനത്തിലാ യിരുന്നു അനേകർ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചു കൊണ്ടിരുന്നത്. അവിടെയും പ്രാർത്ഥനയിൽ സഹോദരിമാർക്കുള്ള ഉത്തരവാദിത്തം വ്യക്ത മാണ്. ഇന്നു നമ്മുടെ രാജ്യം ഒരു വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുന്നു. പ്രിയ ദൈവമക്കളേ, നമുക്കൊന്നായിരുന്നു ദൈവമു ഖത്തേക്കു നോക്കി അഭയയാചന കഴിക്കാം. ദൈവം നമ്മുടെ പ്രാർത്ഥന കേട്ട് ഉത്തരമരുളും. ❑

## Quest -75 ലെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ജോബ് സീജ ജെ. വെണ്ണിയൂർ, തിരുവനന്തപുരം
2. സി.എം.മാമ്മൻ, അണുശക്തി നഗർ, മുംബൈ
3. ലീല കെ.വി. പുളിക്കൽ കവല, കോട്ടയം
4. ബിന്ദു സി. എസ്., വഞ്ചിയൂർ, തിരുവനന്തപുരം
5. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
6. അന്നമ്മ എബ്രഹാം, പെരുമാന്നൂർ, കൊച്ചി.
7. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
8. സൂസൻ ജോൺ, നാലാഞ്ചിറ, തിരുവനന്തപുരം
9. സൂസമ്മ എബ്രഹാം, പാമ്പാടി, കോട്ടയം
10. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
11. എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ
12. കുഞ്ഞുമോൾ ഈപ്പച്ചൻ, ഉള്ളൂർ, തിരുവനന്തപുരം

Quest 75 ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ

# GREATEST AFFECTIONS

**Jissa George,** Fremont, USA



When they had finished eating, Jesus said to Simon Peter. "Simon, son of John, do you love me more than these"? "Yes Lord" he said. "You know that I love you". Jesus said, "Feed my lambs" - John 21:17

He answered, "Love the Lord your God with all your heart and with all your soul and with all your strength and with all your mind" and "Love your neighbor as yourself" - Luke 10:27

Sometime later God tested Abraham. He said to him "Abraham" "Here I am" he replied. Then God said, "Take your son, your only son, whom you love- Isaac- and go to the region of Moriah. Sacrifice him there as a burnt offering on a mountain I will show you. - Genesis 22: 1-2.


God desires our greatest affections. He loved us first, so we can love others. He demonstrates his love for us through Christ, even while we were His enemies. Loving and following Jesus demands our greatest affections. Charles Stanley in the devotions "Advancing through adversity" mentioned "Many Christians get stuck in life's tough spots because they don't understand what God is doing. They want the Lord to rescue them from it, but oftentimes His desire is to give them the "surpassing greatness" of His power to go through the trouble (2 Corinthians 4:7). He said it is easy to say "I trust the Lord" when life is good, but unless we recognize that He is also Sovereign even in adversity our praises will soon turn to complaints and self-pity. When we trust in Lord's faithfulness and sufficiency, we will choose to focus on Him knowing that temporary afflictions produce for us "an eternal weight of glory far beyond all comparison" 2 Corinthians 4:17.

So whom or what does your affections belong? Do you acknowledge His presence and Sovereignty in days of difficulties? Is He the good Shepherd of your life? Do you live out His word? Do you love Him with your whole heart, mind, soul? Do you have love for people that surpasses your own selfishness? Does your love for Jesus exceeds your love for your children, your wife, your husband or your parents? Does your love for fame and popularity dim in comparison to your love for Jesus? How about money? How about the goods and glitters of this world? Do your love for Jesus stand a chance? How about power and influence? How about the desire to change and control circumstances and people?

According to Oxford dictionary, the word "Transform" is described as a thorough or dramatic change in the form, appearance or character. Transform implies a major change in form, nature or function. It is the transformation of old to new. Paul informs us "If anyone is in Christ, he is new creation, old things have passed away, behold all things have become new" (2 Corinthians 5:17) God's word and His indwelling Spirit transforms people. Jesus is involved in the venture of changing hearts. At the cross He tells the humanity about His love for them. His forgiveness sets them free and transforms their human heart which is otherwise cold, covetous, apathetic, rebellious, self-absorbed, prideful & filled with strife and quarrel. The human heart in its unchanged form seeks to serve its own pleasures and selfishness. And Jesus declares He has the power to change it [Our Daily Bread] Will you allow Him to change your heart? Will you whole heartedly ask Him to do His work in you? Will you love Him as He longs? Will you believe that He lived, died and rose again for your sins and mine? Will you receive His offer for forgiveness? Will you be His? The One who loved you with His life- Jesus.

❑

# കുറ്റവാളിയുടെ കുടുംബം



ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം

രാത്രി ഒരുമണി ആയപ്പോഴാണ് ചന്ദ്രൻ വന്നുകയറിയത്. കുറ്റാക്കൂരിരുട്ട്. അങ്ങകലെ എവിടെയോ നിന്ന് ഒരു പട്ടി ഓലിയിടുന്നതു കേൾക്കാം. ആരും ഉറങ്ങിയിട്ടില്ലെന്ന് വന്നുകയറിയ ഉടനെ മനസ്സിലായി. എന്തോ അസ്വസ്ഥത തളംകെട്ടി നില്ക്കുന്നു. ചന്ദ്രന്റെ ഭാര്യ സുമതി കമഴ്ന്നുകിടന്നു കരയുന്നത് മെഴുകുതിരി വെളിച്ചത്തിൽ അവൻ കണ്ടു. ഏക മകൻ സുരേഷ് ഒന്നുമറിയാതെ ഉറങ്ങുന്നു. അമ്മ ഏങ്ങലടിക്കുന്നതു കേൾക്കാം. "നീ വന്നോടാ" അച്ഛന്റെ ശബ്ദമാണത്. "നിന്നെത്തേടി പോലീസുകാർ ഇന്നു പകൽ നാലുപ്രാവശ്യം വന്നിരുന്നു ജീപ്പിൽ. എവിടെനിന്നെങ്കിലും എടുത്തുകൊള്ളാമെന്നു പറഞ്ഞാണ് പോയത്".

"പൊന്നുമോനേ, എത്രനാളായെടാ ഈ പണി തുടങ്ങിയിട്ട്. പെറ്റുവളർത്തിയ എന്റെയും നിന്റെ അച്ഛന്റെയും ആധി എത്രയെന്നറിയാമോ? സുമതി കഞ്ഞി കുടിച്ചിട്ട് ദിവസം രണ്ടായി. അവളെയും നിന്റെ കുഞ്ഞിനെയും കരുതി നിന്റെ ഈ പരിപാടി നിർത്തെടാ". കല്യാണിത്തള്ള കണ്ണുനീരോടെ പറഞ്ഞു.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "തടവുകാരെ തേടി" എന്ന പുസ്തകത്തിൽ നിന്നും**

ദാമോദരക്കണിയാരുടെ വീട്ടിലെ കോഴി കൂകിയേയുള്ളൂ. പെട്ടെന്ന് ഒരു ജീപ്പ് ചന്ദ്രന്റെ വീട്ടുപടിക്കൽ വന്നുനിന്നു. 10-12 പോലീസുകാർ വിവിധ സ്ഥാനങ്ങളിൽ കാത്തിരുന്നു. സബ്ഇൻസ്പെക്ടറും ഒരു പോലീസുകാരനും കൂടി വീട്ടിനുള്ളിൽ വന്നു ചന്ദ്രനെ പിടിച്ചു. "കേറടാ വണ്ടിയേൽ" എന്നു പറഞ്ഞു. പറഞ്ഞതിനു ആക്കം കൂട്ടുവാനായി ഒരടിയും ഒരുഗ്രൻ 'ശൈലിയും' - നിലവിളിച്ചുകൊണ്ട് സുമതി സുരേഷിനെയും എടുത്തുകൊണ്ട് മുറ്റത്തിറങ്ങി. ചന്ദ്രനെ വണ്ടിയിൽ കയറ്റി. വണ്ടി സ്റ്റാർട്ട് ചെയ്ത് വേഗത്തിൽ കണ്ണിനു മറഞ്ഞു. "അച്ഛാ" എന്ന് സുരേഷ് നീട്ടി വിളിച്ചു. സുമതിയുടെയും അച്ഛന്റെയും അമ്മയുടെയും ഹൃദയത്തെ നീളത്തിൽ കുത്തിക്കീറുന്നതായിരുന്നു ആ ശബ്ദം. ആ ശബ്ദം പോലീസ് വണ്ടിയിൽ എത്തിയില്ല. എത്തിയാലും പ്രയോജനമില്ല. ചന്ദ്രൻ പിടിയിലായി. സ്മഗ്ളർ ചന്ദ്രൻ അകത്തായി. അടുത്ത ദിവസത്തെ പത്രങ്ങൾ പ്രാധാന്യം നല്കി വാർത്ത പ്രസിദ്ധീകരിച്ചു.

സുരേഷിന് പലതും അമ്മയോട് ചോദിക്കാനുണ്ടായിരുന്നു. ആ കുരുന്ന് മനസ്സ് ജിജ്ഞാസകൊണ്ട് നിറഞ്ഞു. "അച്ഛനെ അവർ എന്തിനാ കൊണ്ടുപോയത്?" "അച്ഛനെ അവർ തല്ലുമോ?" "ജയിലിലിട്ടാൽ ചോറു കൊടുക്കുമോ? "നമുക്ക് അച്ഛനെ ഇനി എന്നു കാണാം?" "അച്ഛൻ ഇനി എന്നു വരും?" "അച്ഛനാരാണ് ഊണു ഒരുക്കി കൊടുക്കുന്നത്?" ചോദ്യങ്ങൾ ഓരോന്നും സുമതിയുടെ ഹൃദയത്തെ തകർക്കുന്നവയായിരുന്നു. ഒരു വലിയ വേർപാടിന് ആ ചെറിയ കുടുംബം സാക്ഷ്യം വഹിച്ചു. അച്ഛനും അമ്മയും മകനിൽ നിന്ന്. വേർപാട് വരുത്തുന്ന വേദന എത്ര വലുത്! Parting is painful എന്ന് ആരോ പറഞ്ഞിട്ടുള്ളത് ഞാനോർക്കുന്നു. കിഴക്കുദിച്ച സൂര്യൻ ലോകത്തെമുഴുവനും പ്രകാശിപ്പിച്ചുവെങ്കിലും ആ കുടുംബം ഇരുളിലായി. നിയമലംഘനം അഥവാ പാപം ദൈവത്തെയും മനുഷ്യനെയും

തമ്മിൽ വേർപെടുത്തുന്നു. ആ വേർപാട് ദുഃഖത്തെയും വേദനയെയും വിളിച്ചുവരുത്തുന്നു. ചന്ദ്രന്റെ കുടുംബംപോലെ വേദനിക്കുന്ന അനവധി കുടുംബങ്ങൾ ഇന്ന് കേരളത്തിൽ ഉണ്ട്. ഓരോ തടവുകാരന്റെ കുടുംബവും അവനെ ചൊല്ലി വേദനിക്കുന്നു.

സിംഗപ്പൂരിലെ ചാൻഗി ജയിൽ സന്ദർശിച്ചത് ഞാനോർക്കുന്നു. ഹെന്റികു എന്ന ചാപ്ലയിനാണ് എന്നെ ജയിലിലേക്കു കൊണ്ടുപോയത്. അന്ന് അവിടെ പ്രിസൺ ഡയറക്ടറായിരുന്നത് ഐവാൻ എബ്രഹാം എന്ന ഒരു കേരളീയനാണ്. ചൈനക്കാരിയായ ഒരു സ്ത്രീയും ഏഴ് കുഞ്ഞുങ്ങളും കൂടി ലിയോംഗ് എന്ന ആളെ കാണുവാൻ വന്ന രംഗം എനിക്ക് മറക്കുവാൻ കഴിയുകയില്ല. ലിയോംഗ് എന്ന പിതാവ് ജീവപര്യന്തം ശിക്ഷിക്കപ്പെട്ടിരിക്കുകയാണ്. ഭാര്യയും ഭർത്താവും മക്കളും കൂടി ചീനഭാഷയിൽ വളരെ സംസാരിച്ചു. സമയം കഴിഞ്ഞപ്പോൾ തിരികെ പോകുവാൻ മനസ്സില്ലാതെ ആ ഭാര്യ നില്ക്കുന്നത് ഞാൻ കണ്ടു. കണ്ണുനീർ തുടച്ചുകൊണ്ട് അവർ തിരിച്ചുനടന്നു. ഇളയകുട്ടി ടീനായെ പിടിച്ചുവലിച്ചിട്ടും വരുവാൻ മനസ്സില്ലാതെ നിന്നു. അത് ലിയോംഗിനെയും കരയിച്ചു. ഒന്നിച്ചു ജീവിക്കേണ്ടവരെ പാപം ശത്രുക്കളാക്കുന്നു. പാപം എത്ര കഠിനം! എത്ര ക്രൂരമാണ്, എത്ര മാരകമാണ്!

പിറ്റേ ദിവസം ഉച്ചകഴിഞ്ഞപ്പോഴേക്കും ചന്ദ്രൻ ഒരു ജയിൽപ്പുള്ളിയായി. സുമതി- ജയിൽപ്പുള്ളിയുടെ ഭാര്യ. (ലോകത്തിൽ ഒരു സ്ത്രീയും ആഗ്രഹിക്കാത്ത സ്ഥാനപ്പേര്), സുരേഷ്-ജയിൽപ്പുള്ളിയുടെ മകൻ (അവന്റെ ഭാവിയുടെ നേരെ അതെന്നും ചോദ്യചിഹ്നമായിരിക്കും, അവസരങ്ങളുടെ മുമ്പിൽ അവൻ അവഗണിക്കപ്പെടും. ബാക്ക് ഫയൽ മോശമാണെന്ന് റിമാർക്ക് വരും. ഓരോ അന്വേഷണ റിപ്പോർട്ടിലും), കല്യാണിത്തള്ളയെ ജയിൽപ്പുള്ളിയുടെ അമ്മ എന്നും വിളിക്കും. വീട്ടുപേര് മാറിവീഴും- ജയിൽപ്പുള്ളിയുടെ വീട്. മാറാതെ നില്ക്കും ആ പേര്.

സുമുഖനും നല്ല പെരുമാറ്റ നയമുള്ളവനുമായ ചന്ദ്രൻ എല്ലാവരുടെയും ശ്രദ്ധയെ ആകർഷിച്ചു ജയിലിൽ. ചന്ദ്രൻ ജയിലിലെത്തിയതിന്റെ മൂന്നാം ദിവസം ഞാൻ സബ്ജയിലിൽ എത്തി. ചന്ദ്രൻ എന്ന യുവാവ് ഞങ്ങളെ വളരെ ആകർഷിച്ചു. സരസമായ സംസാരം എന്നിൽ പല പ്രതീക്ഷകൾ ഉണർത്തി. "ദൈവമേ, ഇവൻ നേരെ ആയിക്കിട്ടിയാൽ ഒരു നല്ല വാഗ്മി ആകുമല്ലോ". തുടർച്ചയായി മൂന്നുമാസത്തെ സന്ദർശനവും ഏർപ്പാടുകളും ചന്ദ്രനിൽ പുതിയ ജീവിതത്തിന്റെ നാമ്പുകൾ മുളപ്പിച്ചു. ഒരിക്കൽ ചന്ദ്രൻ ഇങ്ങനെ പ്രാർത്ഥിച്ചു. ഇനി നീയല്ലാതെ വേറെ ശരണം ഇല്ല. എന്നോട് ഒരു മനുഷ്യനും പൊറുക്കയില്ല. എന്റെ ജീവിതത്തെ അവിടുന്ന് പുതുതാക്കി തരേണമേ. എന്റെ അച്ഛനും അമ്മയും ഭാര്യയും കുഞ്ഞും (തുടർന്ന് ഒരു കരച്ചിലായിരുന്നു) അവരെ അനുഗ്രഹിക്കേണമേ. എന്റെ പാപമെല്ലാം അവിടുന്ന് ക്ഷമിച്ച് എന്നെ അനുഗ്രഹിക്കേണമേ. പുതിയ വഴിയെ പുതിയ ജീവിതത്തിൽ എന്നെ നടത്തേണമേ'' പ്രാർത്ഥന കഴിഞ്ഞ് ചന്ദ്രൻ ദീർഘശ്വാസം വിട്ടുകൊണ്ട് പറഞ്ഞു, ''എന്തോ ഉള്ളിൽ നിന്നും നീങ്ങിപ്പോയിരിക്കുന്നു. ആശ്വാസമായി".

തുടർന്ന് ചന്ദ്രന്റെ ജയിൽ ജീവിതം വ്യത്യസ്തമായിരുന്നു. മൂന്ന് വർഷത്തേക്ക് ശിക്ഷിക്കപ്പെട്ട ചന്ദ്രൻ ചില ആനുകൂല്യങ്ങളെല്ലാം കിട്ടി രണ്ടരവർഷം ആയപ്പോൾ പുറത്തിറങ്ങി. ചന്ദ്രനെ റിലീസ് ചെയ്യുന്ന ദിവസം ഞാനുണ്ടായിരുന്നു. വീട്ടിൽ എത്തിയ രംഗത്തിന് ഞാൻ സാക്ഷ്യം നിന്നു. സന്തോഷത്തിന്റെ കണ്ണുനീർ എല്ലാവരിൽനിന്നും വീഴുന്നുണ്ടായിരുന്നു. "ചന്ദ്രേട്ടാ" എന്നു പറഞ്ഞ് അടുക്കളയിൽ നിന്നും സുമതി ഓടിവന്ന് കെട്ടിപ്പിടിച്ച് കരഞ്ഞു. "സുരേഷ് എവിടെ? മോനെ" എന്ന് ചന്ദ്രൻ വിളിച്ചു. അവൻ സ്കൂളിലായിരുന്നു. 4 മണിയായപ്പോൾ സുരേഷ് എത്തി. ചാടിക്കയറി അച്ഛന്റെ മടിയിൽ, പുസ്തകവും സഞ്ചിയും എറിഞ്ഞിട്ട്. ചന്ദ്രൻ പറഞ്ഞു,

*ശേഷം 27-ാം പേജിൽ*

# കുടുംബം എന്ന പ്രതിഭാസം

ഡോ. ഉമ്മൻ ഫിലിപ്പ്, ടൊറന്റോ, കാനഡ



കുടുംബം ! എല്ലാ മനുഷ്യരും ഏതെങ്കിലും നിലയിൽ ഭാഗഭാക്കുകൾ ആയിരിക്കുന്ന ഒരു അത്ഭുത സംഗമസ്ഥാപനം! എത്രനാൾ ഈ സംഗമസ്ഥലത്തിന്റെ ഭാഗഭാക്കുകളായാലും അതിനെ പൂർണ്ണമായി ഉൾക്കൊള്ളാനോ വിശദീകരിക്കാനോ അസാദ്ധ്യമായ വിധം സങ്കീർണ്ണതകൾ നിറഞ്ഞ ഒരു മനുഷ്യക്കൂട്ടായ്മ! ഒന്നിച്ചു കൂടുമ്പോൾ മാത്രം അർത്ഥസന്തുഷ്ടമാകുന്ന മാതാ-പിതാ-പുത്രരുടെ ഭൂമിയിലെ സ്വർഗ്ഗം! കൂടുമ്പോൾ ഇമ്പം ഉണ്ടാകുന്ന മാസ്മരിക മാനസിക ശക്തിയുടെ കേന്ദ്രം! ജീവിതകാലം മുഴുവൻ നീണ്ടു നില്ക്കുന്നതും ഊഷ്മളമായ ഓർമ്മകൾ സമ്മാനിക്കുന്നതുമായ മനുഷ്യബന്ധങ്ങളുടെ സ്വർണ്ണഖനി! സന്തോഷസന്താപ സമ്മിശ്രമായ ജീവിതാനുഭവങ്ങളുടെ ജയഭേരി മുഴക്കുന്ന ഒരു പരദേശപ്രയാണം. അനിർവ്വചനീയവും അതേസമയം അതിരുകളും സമാനതകളുമില്ലാത്തതുമായ ഭൂമിയിലെ ദൈവിക കൂടാരം!

**ഡോ. ഉമ്മൻ ഫിലിപ്പ് എഴുതിയ "സന്തുഷ്ട ക്രിസ്തീയ കുടുംബം" എന്ന പുസ്തകത്തിൽ നിന്നും**

അതെ! അതാണ് കുടുംബം. ഭൂമിയിൽ ഏകാകികൾക്കുവേണ്ടി ദൈവം സ്ഥാപിച്ച അത്യുത്തമമായ ശാന്തിതീരം! (സങ്കീർത്തനം 68:6). അവാച്യമായ സ്നേഹത്താൽ ഹൃദയം കുളിർപ്പിക്കുന്ന മന്ദമാരുതൻ വഴിയായി ആവേശം കൊള്ളിക്കുന്ന സ്നേഹസാഗരം! ശോഭാദ്രമായ അന്തരീക്ഷത്തിൽ വർണ്ണശബളമായ മഴവില്ലിന്റെ മനോഹാരിതയിൽ കൂടി ചക്രവാളസീമയിലേക്ക് വിശ്വാസത്തിന്റെ നല്ല നാളെകളെ നോക്കിക്കൊണ്ടുള്ള ഭാസുരജീവിതം!

കുടുംബം എന്ന ഈ സമസ്യയുടെ ആത്യന്തികവും അന്തർലീനവുമായ അന്തഃസത്ത ദൈവത്തിൽ നിന്നാരംഭിക്കുകയും ദൈവത്തിന്റെ പേരിൽ അറിയപ്പെടുകയും ചെയ്യുന്ന ഒരു മഹത്സത്യമാണ് (എഫേസ്യർ 3:14-15). ദൈവം പിതാവായിരിക്കുന്ന മനുഷ്യജാതിയുടെ കുടുംബത്തിൽ എല്ലാംതന്നെ ദൈവികോദ്ദേശ്യത്തിനായി ഭൂമിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അതിൽ കൂട്ടായ്മ, സൗഹൃദം, സ്നേഹം, ആശയവിനിമയം, പങ്കുവയ്ക്കൽ, പറ്റിച്ചേരൽ, ഐകമത്യം, സമർപ്പണം. സ്വയത്യാഗം, സ്വസ്ഥത, സംതൃപ്തി തുടങ്ങിയ യാഥാർത്ഥ്യങ്ങൾ ഒരു പ്രത്യേക അനുപാതത്തിൽ അടങ്ങിച്ചേർന്നിരിക്കുന്നു.

ഏദെനിൽ ദൈവം സ്ഥാപിച്ച കുടുംബം എന്ന അത്ഭുത പ്രതിഭാസം ചില നാളുകൾക്കുള്ളിൽ സാത്താന്റെ ആക്രമണത്തിനും വശീകരണത്തിനും വശംവദമായിത്തീരുകയും ദമ്പതികളുടെ ആത്മീയജീവിതവും കുടുംബജീവിതവും വലിയ ഒരു തകർച്ചയെ നേരിടുകയും ചെയ്തു (ഉത്പ. 3:1-24). തത്ഫലമായി ആദിമാതാപിതാക്കൾ പാപികളായിത്തീരുകയും അവരിൽകൂടി മനുഷ്യജാതി മുഴുവനും പാപത്തിനും ശാപത്തിനും കീഴിലാകുകയും ചെയ്തു. പാപ പ്രകൃതിയാലും അതിന്റെ ഘോരമായ സ്വാധീനവലയത്തിലും പെട്ട് ഏദെൻ മുതൽ ഇന്നുവരെയും കുടുംബങ്ങളിൽ ശിഥിലീകരണ പ്രവണതകൾ വർദ്ധിച്ചുവരുന്നതായി കാണാം. ആധുനിക കുടുംബജീവിത സരണികൾ ആദിമുതലുള്ള കുടുംബജീവിത പരാജയങ്ങളുടെ തനിയാവർത്തനമായി തുടർന്നു വരുന്നു എന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. ഇന്നത്തെ കുടുംബജീവിത വെല്ലുവിളികളും (Challenges) ദമ്പതികളുടെ ഇടയിൽ കണ്ടുവരുന്ന വാദമുഖങ്ങളും (issues) ആദി

മുതലുള്ളതുമായി സാമ്യമുള്ളവയാണ്. ചാരിത്രികമായി കണ്ടുവരുന്ന കുടുംബജീവിതങ്ങളിൽ നിന്നുമുള്ള പാഠങ്ങൾ ആധുനിക കുടുംബങ്ങൾ ഹൃദിസ്ഥമാക്കുകയും അതനുസരിച്ച് തങ്ങളുടെ കുടുംബജീവിതങ്ങളെ ക്രമപ്പെടുത്തുകയും ചെയ്യുന്നതിൽ പരാജയപ്പെട്ടുപോകുന്ന കാഴ്ചയാണ് ചുറ്റുപാടും കാണുന്നത്. കുടുംബങ്ങളെ ഭൂമിയിൽ സ്ഥാപിക്കുന്നതിൽ അതിന്റെ സ്ഥാപകനായ ദൈവത്തിന് ഉണ്ടായിരുന്ന ലക്ഷ്യങ്ങൾ അണുവിടപോലും ദൈവം വ്യത്യാസപ്പെടുത്തിയിട്ടില്ല. എന്നാൽ മനുഷ്യന്റെ സ്വാർത്ഥതയും പങ്കാളിയെക്കുറിച്ചുള്ള പലവിധ അസംതൃപ്തികളും ലോകത്തിന്റെ രീതികളോട് അനുരൂപമാകാനുള്ള പ്രവണതയും കുടുംബജീവിതങ്ങളെ പ്രശ്നങ്ങളിലേക്കും തകർച്ചയിലേക്കും നയിക്കുന്നു എന്ന യാഥാർത്ഥ്യം വിസ്മരിക്കാൻ സാദ്ധ്യമല്ല.

**എന്താണ് കുടുംബങ്ങളിൽ സംഭവിക്കുന്നത്?**

വളരെ ആഘോഷപൂർവ്വമായിരുന്നു ജെയിംസിന്റെയും ജാൻസിയുടെയും വിവാഹം നടന്നത്. ആഹ്ലാദത്തിമിർപ്പുള്ള വധൂവരന്മാർ; സന്തോഷത്തിൽ നിറഞ്ഞ ആയിരത്തിൽപ്പരം അതിഥികൾ; വർണ്ണശബളമായ അലങ്കാരങ്ങൾ; കർണ്ണാനന്ദകരമായ സംഗീതം; പ്രശസ്തരായ ശുശ്രൂഷകന്മാരുടെ നീണ്ടനിര; ആസ്വാദ്യകരമായ വിരുന്ന്; തിരക്കുപിടിച്ച് ഓടിനടക്കുന്ന ഫോട്ടോ വീഡിയോഗ്രാഫർമാർ; എങ്ങും ആനന്ദസാഗരത്തിന്റെ അലയടികൾ. വധൂവരന്മാർക്ക് ആശംസ നേർന്നിട്ട് അതിഥികൾ കുറേശ്ശയായി പിരിഞ്ഞുപോയി. കുടുംബാംഗങ്ങളെ അനുഗമിച്ച് യുവമിഥുനങ്ങൾ ഭവനങ്ങളിലേക്ക് യാത്രയായി. എന്തുകൊണ്ടും ചേർച്ചയുള്ള ദമ്പതികൾ എന്ന് എല്ലാവരും അവരെക്കുറിച്ച് ചിന്തിച്ചും പ്രാർത്ഥിച്ചും ആ ദിവസത്തെ ചടങ്ങുകൾ പര്യവസാനിച്ചു. ജെയിംസും ജാൻസിയും താമസിയാതെ അവരുടെ ജോലിസ്ഥലത്തേക്ക് പോയി താമസം ആരംഭിച്ചു. എന്നാൽ ദുഃഖകരമെന്നു പറയട്ടെ, ചില മാസങ്ങൾക്കുള്ളിൽ അവരുടെ ദാമ്പത്യജീവിതത്തിൽ അപസ്വരങ്ങൾ ഉടലെടുക്കാൻ തുടങ്ങി. തമ്മിൽ പിണക്കവും വാഗ്വാദവും നിരന്തരമായി നിറഞ്ഞുനിന്നതിനാൽ കുടുംബപ്രാർത്ഥന സാധിക്കാത്ത നിലയിൽ കാര്യങ്ങൾ എത്തിച്ചേർന്നു. പലപ്പോഴും കർത്തൃദിവസത്തിലും മിക്കപ്പോഴും ഇടദിവസങ്ങളിലും അവർ കൂട്ടായ്മ യോഗങ്ങൾക്കു പോകാതായി. ഈ നവദമ്പതികളുടെ ഇടയിൽ ഗൗരവമേറിയ അഭിപ്രായവ്യത്യാസങ്ങളും ആശയവിനിമയപ്രശ്നങ്ങളും വഴക്കും പിണക്കവും നിത്യസംഭവമായി. മിക്കദിവസങ്ങളിലും അവർ തമ്മിൽ സംസാരിക്കാതെയായി. രണ്ടുപേരും പല ദിവസങ്ങളിലും ഭക്ഷണമൊക്കെ പുറത്തുനിന്ന് ആക്കി. ആദ്യമാസങ്ങളിൽ ഇവരുടെ പിണക്കങ്ങൾ പുറത്ത് അറിയാതെ അവർ സൂക്ഷിച്ചു എങ്കിലും കുറേശ്ശയായി രണ്ടുപേരുടെയും മാതാപിതാക്കൾ വിവരങ്ങൾ ഒക്കെ അറിയുകയും അവർ സ്വന്തം മകനെയോ മകളെയോ ഏകപക്ഷീയമായി പിൻതാങ്ങുവാനും തുടങ്ങി. ഈ ദമ്പതികളെ യഥാസ്ഥാനപ്പെടുത്തുവാനായി സുഹൃത്തുക്കളും ചില സഹവിശ്വാസികളും ശുശ്രൂഷകന്മാരും ശ്രമിച്ചു എങ്കിലും വിജയിച്ചില്ല. ജാൻസി സ്വന്തം മാതാപിതാക്കളുടെ സമീപത്തേക്ക് തിരിച്ചുപോരുന്നു. ജെയിംസ് ഏകനായി ജോലിസ്ഥലത്ത് തുടർന്നു. യഥാർത്ഥമായി എന്താണ് ജെയിംസിനും ജാൻസിക്കും സംഭവിച്ചത് എന്നതിനെക്കുറിച്ച് ആർക്കും തന്നെ ശരിയായ ഒരു രൂപവുമുണ്ടായില്ല. എന്താണ് ഇവർക്കിടയിൽ ഉണ്ടായത് എന്ന കാര്യത്തിൽ ഊഹാപോഹങ്ങളും കഥകളും ചിന്താകുലവുമായി പ്രിയപ്പെട്ടവരും സഹവിശ്വാസികളും മുന്നോട്ടു പോകുന്നു. ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി എന്താണ് ചെയ്യേണ്ടതെന്നറിയാതെ വേണ്ടപ്പെട്ട എല്ലാവരും പരിതപിച്ച് കഴിയുന്നു.

ഏറെ വിഭിന്നമല്ല ആനിയുടെയും അച്ചുവിന്റെയും കഥ. ഇവർ ചിലവർഷങ്ങൾക്കുമുമ്പ് വിവാഹിതരായി രണ്ടുകുഞ്ഞുങ്ങളോടൊത്ത് സന്തോഷമായി ജീവിച്ചു പോരുകയായിരുന്നു. സഭയിലും ഇവർ എല്ലാ കൂട്ടായ്മകളിലും സജീവമായി പങ്കെടുത്തു പോരുന്നു. കഴിഞ്ഞ ചില നാളുകളായി അച്ചു മിക്കപ്പോഴും നിശബ്ദനായും മൂകനായും കാണപ്പെടാൻ തുടങ്ങി. വീട്ടുകാര്യങ്ങളിൽ അച്ചു കുറേശ്ശ നിസംഗതനായി. ഒന്നിനോടും പ്രത്യേക

താത്പര്യവും ശ്രദ്ധയും ഇല്ലാത്ത വിധത്തിൽ അച്ചു പെരുമാറാൻ തുടങ്ങി. ആനിയോടും മക്കളോടും സംസാരിക്കുന്നതുതന്നെ വിരളമായി. അച്ചുവിനെ പഴയതുപോലെ ഊർജ്ജസ്വലനാക്കാൻ കഴിയുന്നതെല്ലാം ചെയ്തുനോക്കിയ ആനി പരാജയപ്പെട്ടു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഈയിടെയായി എന്തിനും ഏതിനും ആനിയെ സംശയവും വിശ്വാസമില്ലായ്മയും വർദ്ധിച്ചുവന്നുകൊണ്ടിരിക്കുന്നു. അതിന്റെ പേരിൽ ആനിയോട് വഴക്കും ഒച്ചയും ബഹളവും വീട്ടിൽ പതിവായി. കോപം മൂത്ത് ആനിയെ അച്ചു ഉപദ്രവിക്കാൻ തുടങ്ങിയപ്പോൾ ആനിയും കോപത്തോടും നിരാശയോടും കൂടി പ്രതികരിക്കാൻ മടിച്ചില്ല. അവരുടെ മക്കൾ ഇതിനെല്ലാം മൂകസാക്ഷികളായി, പലപ്പോഴും കരച്ചിലിലും അലമുറയിലും കൂടി കുടുംബാന്തരീക്ഷം കൂടുതൽ കലുഷിതമായി തുടങ്ങി. പാട്ടും പ്രാർത്ഥനയും ബൈബിൾ വായനയും കൂട്ടായ്മയും ഇല്ലാത്ത അന്തരീക്ഷം കുടുംബത്തിൽ സംജാതമായി. സഭായോഗം മുടങ്ങുന്നതുമൂലം സഭാംഗങ്ങൾ അന്വേഷിക്കുമ്പോൾ ജോലിത്തിരക്ക്, രോഗം, യാത്ര തുടങ്ങിയ മുടന്തൻ ന്യായങ്ങളാൽ ചില നാളുകൾ അവർ തള്ളി നീക്കി. വിവരങ്ങൾ അറിഞ്ഞ രണ്ടു മാതാപിതാക്കളും സ്വന്തം മക്കളെ സ്വാർത്ഥമായി പിൻതാങ്ങി എങ്കിലും യഥാർത്ഥ കാരണങ്ങളോ പരിഹാരമാർഗ്ഗങ്ങളോ ആരാഞ്ഞില്ല. ദുഃഖകരമെന്നു പറയട്ടെ, ആനിയും അച്ചുവും ഇന്ന് പിരിഞ്ഞ് പാർക്കുന്നു. നിർദ്ദോഷികളും നിഷ്കളങ്കരുമായ അവരുടെ രണ്ടു പിഞ്ചുകുഞ്ഞുങ്ങളും മാതാപിതാക്കളെ കാണാതെ വേദനയോടെ മാതാപിതാമഹീമഹന്മാരുടെ സംരക്ഷണയിൽ മുന്നോട്ടുപോകുന്നു. വിദ്യാസമ്പന്നരും ആത്മീയരും നല്ല ജോലിയും സാമ്പത്തിക സൗകര്യങ്ങളും ഉണ്ടായിരുന്ന അച്ചുവിന്റെയും ആനിയുടെയും ദാമ്പത്യജീവിതം എന്താണ് ഇങ്ങനെ തകർന്നു പോയത്? ഇവരെ യഥാസ്ഥാനപ്പെടുത്താൻ ആർക്ക് എന്ത് ചെയ്യാൻ സാധിക്കും?

ഇതിൽ നിന്നും തികച്ചും വിഭിന്നമല്ല സാജന്റെയും സാറയുടെയും ദാമ്പത്യചരിത്രം. വിദ്യാസമ്പന്നരും ഉയർന്ന ഉദ്യോഗം വഹിക്കുന്നവരുമായ ആത്മീയർ. ഇവർ വിവാഹിതരായിട്ട് പത്തുവർഷം കഴിഞ്ഞു. എട്ടുവയസ്സുള്ള ഒരു മകളുടെ മാതാപിതാക്കളാണവർ. കുടുംബജീവിതം ആരംഭിച്ച് അധികനാൾ കഴിയും മുമ്പ് തന്നെ അവരുടെ ഇടയിൽ പണം ചെലവാക്കുന്നതിനെക്കുറിച്ചും തീരുമാനങ്ങൾ എടുക്കുന്ന രീതിയിലും അസംതൃപ്തി തലപൊക്കി. രണ്ടുപേരുടെയും മാതാപിതാക്കളുടെ അനാവശ്യ ഇടപെടലുകൾ പ്രശ്നങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തു. തമ്മിലുള്ള വാദപ്രതിവാദങ്ങളും വഴക്കുകളും വലുതായിക്കൊണ്ടിരുന്നു. കാലാന്തരത്തിൽ ചെറിയ പിണക്കങ്ങൾ വളർന്നു വലുതാകാൻ ഇടയായി. തമ്മിലുള്ള സംസാരം തന്നെ കുറഞ്ഞു. എന്തുപറഞ്ഞാലും ഒച്ചയും വാക്കുകൾകൊണ്ടുള്ള മുറിപ്പെടുത്തലും വെല്ലുവിളികളും വിശ്വാസികളുടെ രീതിയെ കവച്ചുവയ്ക്കുന്നവിധത്തിൽ ആയിത്തീർന്നു. അങ്ങനെ കുടുംബത്തിൽ പ്രാർത്ഥനയോ പാട്ടോ ബൈബിൾ വായനയോ ഇല്ലാതെയായി. പലപ്പോഴും കൂട്ടായ്മയും കൂടിവരവുകളും അവർക്ക് അന്യമായി. മാതാപിതാക്കളുടെ രൂക്ഷമായ വഴക്കുകാരണം മുറിപ്പെട്ട ഹൃദയത്തോടെ മൂകയായിപ്പോയ മകൾ പഠിത്തത്തിലും താത്പര്യം കാണിക്കാതെയായി. ഈ കുടുംബത്തെ യഥാസ്ഥാനത്തിലേക്കും ആത്മീയതയിലേക്കും കൊണ്ടുവരാൻ സാധിക്കുമെന്ന ചിന്തതന്നെ കുടുംബാംഗങ്ങൾക്കും സഭാപ്രവർത്തകർക്കും ഇല്ലാതായി. ഏതെങ്കിലും ദൈവദാസന്റെയടുത്ത് കൗൺസിലിംഗിനായി പോകാനും ദമ്പതികൾ തയ്യാറായിരുന്നില്ല. ഒരു ഭവനത്തിൽ അപരിചിതരെപോലെ സാജനും സാറയും മകളും ജീവിക്കുന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

ആധുനിക ക്രിസ്തീയ കുടുംബജീവിതത്തിന്റെ ഒരു ചെറിയ ചരിത്രമാണ് മുകളിൽ വരച്ചു കാണിച്ചിരിക്കുന്നത്. ക്രിസ്തീയ ദമ്പതികളുടെ ഭവനങ്ങളിൽ "ക്രിസ്തു ഈ ഭവനത്തിന്റെ നാഥൻ" എന്ന ഫലകം കാണാം. എന്നാൽ ക്രിസ്തു തന്നെയാണോ നാഥൻ അതോ ദമ്പതികളുടെ സ്വയം, ജഡികസ്വഭാവങ്ങൾ, സ്വാർത്ഥത, ഇഷ്ടാനിഷ്ടങ്ങൾ, മുൻഗ

*ശേഷം 26-ാം പേജിൽ*

# സഭയും പാതാളഗോപുരങ്ങളും-II

പാസ്റ്റർ എ.ജെ. ജോൺ കൊഴുവല്ലൂർ



**ലോ**കത്തെവിടെയും എന്നപോലെ കേരളത്തിലെ ക്രൈസ്തവ സഭയും ചരിത്രപരവും ഉപദേശപരവുമായ അനേകം വെല്ലുവിളികളെ നേരിടുന്നുണ്ട്. യൂറോപ്പിൽ ക്രൈസ്തവസഭ സ്ഥാപിക്കപ്പെടും മുമ്പ് കേരളത്തിൽ ക്രൈസ്തവ സഭ സ്ഥാപിക്കപ്പെട്ടു എന്ന പാരമ്പര്യവിശ്വാസം ക്രൈസ്തവരിലും അക്രൈസ്തവരിലും രൂഢമൂലമായിട്ടുള്ളതാണ്. എന്നാൽ വേദപുസ്തകാനുസരണമുള്ള സത്യസഭയുടെ ഉപദേശങ്ങൾ അഥവാ നിർമ്മല സുവിശേഷ സത്യങ്ങൾ ഏതു കാലഘട്ടത്തിലാണ് കേരളത്തിൽ പ്രചരിച്ചുതുടങ്ങിയത് എന്നതിനു ചരിത്രപരമായ ഉത്തരം പത്തൊമ്പതാം നൂറ്റാണ്ടുമുതൽ എന്നാണ്. അതിനു മുമ്പ് കേരളത്തിൽ ഉണ്ടായിരുന്ന സഭാവിഭാഗങ്ങൾ വിവിധ പാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ നിലനിന്നവയാണ്. വിശുദ്ധ ബൈബിളിലെ പഴയനിയമത്തെയും പുതിയനിയമത്തെയും കൂട്ടിക്കുഴച്ച് പാരമ്പര്യവിശ്വാസങ്ങൾക്ക് ബൈബിൾ സത്യങ്ങളെക്കാൾ പ്രാധാന്യം നല്കി പുരോഹിത മേധാവിത്വം അംഗീകരിക്കുന്ന ഭരണക്രമം പിന്തുടരുന്ന സഭകളെ പൊതുവെ എപ്പിസ്കോപ്പൽ സഭകൾ എന്നു വിളിക്കുന്നു. എന്നാൽ 1 പത്രൊസ് 2:9-ാം വാക്യപ്രകാരം "നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും (Generation) രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു". രക്ഷിക്കപ്പെട്ട്, വീണ്ടുംജനനം പ്രാപിച്ച് വിശ്വാസസ്നാനത്തിലൂടെ കർത്താവിന്റെ കല്പന അനുസരിക്കുകയും വിശുദ്ധിയിലും വേർപാടിലും ജീവിക്കുകയും ചെയ്യുന്ന എല്ലാ വിശ്വാസികൾക്കും പൗരോഹിത്യശുശ്രൂഷയ്ക്ക് അവകാശമുണ്ട് (Priesthood for all believers) എന്നു വിശ്വസിക്കുന്ന വേർപാടുസഭാസമൂഹത്തിന്റെ ഉപദേശസത്യങ്ങൾ കേരളത്തിലാദ്യം പ്രസംഗിക്കപ്പെട്ടത് 1896-ൽ മധ്യതിരുവിതാംകൂറിലെ അയിരൂർ എന്ന ഗ്രാമത്തിൽ ജെ. ഗ്രെഗ്സൺ എന്ന ബാപ്റ്റിസ്റ്റ് സുവിശേഷകനാണ്. അദ്ദേഹം ബ്രിട്ടീഷ് സൈന്യത്തിലെ ഒരു ചാപ്ലിൻ ആയിരുന്നു. കേരളത്തിലെ പുരാതനപാരമ്പര്യസുറിയാനി സഭയുടെ ബൈബിൾ വിരുദ്ധ വിശ്വാസാചാരങ്ങളുമായി പൊരുത്തപ്പെടാതെ സഭയിൽ നവീകരണത്തിനു പരിശ്രമിച്ചു പുറത്തായ അബ്രഹാം മല്പാന്റെ നേതൃത്വത്തിൽ നവീകരണസഭയായി അറിയപ്പെട്ട മാർത്തോമ്മാ സഭയിലെ പട്ടക്കാരും വിശ്വാസികളിൽ ചിലരുമാണ് ആദ്യമായി വേർപാട് ഉപദേശത്തിലേക്ക് ആകൃഷ്ടരായതും സുവിശേഷസത്യങ്ങൾ പഠിക്കാൻ ആരംഭിച്ചതും. 1816 മുതൽ C.M.S. മിഷണറിമാർ കോട്ടയത്ത് സെമിനാരി പഠനവും സുവിശേഷീകരണവും ആരംഭിച്ചകാലം മുതൽ മലങ്കര സുറിയാനിസഭയുടെ ബൈബിൾ വിരുദ്ധവും അക്രൈസ്തവുമായ അന്ധവിശ്വാസങ്ങളെയും ഹൈന്ദവമായ അനുഷ്ഠാനങ്ങളെയും ചോദ്യം ചെയ്തു തുടങ്ങിയിരുന്നെങ്കിലും പുരാതനസഭ പാരമ്പര്യം ഉപേക്ഷിക്കാൻ തയ്യാറായിരുന്നില്ല. 1599-ലെ ഉദയംപേരൂർ സുന്നഹദോസിൽ തന്നെ അന്നത്തെ ക്രൈസ്തവരിൽ കടന്നു


കൂടിയിരുന്ന അക്രൈസ്തവമായ ആചാരാനുഷ്ഠാനങ്ങളെ ചോദ്യം ചെയ്തു എങ്കിൽ പോലും സഭയുടെ ശുദ്ധീകരണത്തിന് അതൊന്നും പര്യാപ്തമായിരുന്നില്ല. അബ്രഹാം മല്പാന്റെ കാലത്തും പിന്നീട് കോവൂർ ഐപ്പ് തോമാകത്തനാർ എന്ന "കോവൂർ അച്ച" ന്റെ കാലത്തും നടന്നത് നവീകരണമല്ല ശുദ്ധീകരണമായിരുന്നു എന്നു സഭാചരിത്രകാരന്മാർ വിശേഷിപ്പിക്കാറുണ്ടെങ്കിലും ശിശുസ്നാനവും പട്ടത്വവും ഒഴികെയുള്ള ശുദ്ധീകരണമാണ് മലങ്കരസുറിയാനി സഭയിൽ ഒരു ചെറിയ വിഭാഗത്തിൽ സംഭവിച്ചത്. മാരാമൺ പള്ളിയിൽ മുത്തപ്പന്റെ പ്രതിമ ഉണ്ടായിരുന്നു. തോമാശ്ലീഹയെ ആണ് മുത്തപ്പനായി കരുതി വണങ്ങിയിരുന്നത്. ആ പ്രതിമയെ ഇളക്കിയെടുത്ത് കിണറ്റിൽ എറിയാൻ പാലക്കുന്നത്തു അബ്രഹാം മല്പാൻ ധൈര്യം കാട്ടിയത് മാർത്തോമ്മാ സഭയുടെ ഉദയത്തിനു വഴി തെളിച്ചെങ്കിലും മലയാറ്റൂരിൽ മുത്തപ്പനിപ്പോഴും വാഴ്ത്തപ്പെടുന്നു. പഴശ്ശിനിക്കടവ് മുത്തപ്പന്റെ പ്രധാന വഴിപാട് ചുട്ടമീനും കള്ളും ആണ്. എ. ഡി. 8-ാം നൂറ്റാണ്ടിനു ശേഷം ഉത്തരകേരളത്തിൽ അപചയം സംഭവിച്ച ജൈനമതത്തിന്റെ ബാക്കി പത്രമാണ് പഴശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രം. മലയാറ്റൂർ മലയും ഒരുകാലത്തു ജൈനമതക്കാരുടെ സങ്കേതമായിരുന്നു എന്നു കണ്ടെത്തിയിട്ടുണ്ട്. മലങ്കരയിലെ പുരാതന ക്രൈസ്തവ സമൂഹം കറതീർന്ന ക്രിസ്ത്യാനികൾ എന്നു നിരന്തരം അധരചർവ്വണം നടത്തിയിരുന്നു എങ്കിലും അവരിലെ ജൈനമതത്തിന്റെ സ്വാധീനമാണ് പള്ളിക്കകത്ത് മുത്തപ്പന്റെ പ്രതിമ സ്ഥാപിക്കുവാൻ വഴി തെളിച്ചത്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ അർത്തുങ്കൽ ഉൾപ്പെടെയുള്ള പല പള്ളികളിലും മുത്തപ്പന്റെയും മുത്തിയമ്മയുടെയും വിശ്വാസം മെഴുകുതിരിയുടെ അകമ്പടിയോടെ കത്തിനില്ക്കുന്നതു കാണാം. ശബരിമല ദർശനം കഴിഞ്ഞ് അയ്യപ്പന്മാർ നേരെ എടത്വാ പള്ളിയിലെത്തി മെഴുകുതിരി കൊളുത്തി കാണിക്കയിട്ട് കുരിശുവരച്ച് മാല ഊരി വ്രതം അവസാനിപ്പിക്കുന്ന പതിവുണ്ട്. ജൈനമതസ്വാധീനത്തെക്കാൾ അധികം ബുദ്ധമതസ്വാധീനം മലങ്കര സുറിയാനി സഭയ്ക്ക് പ്രകടമായിട്ടുണ്ട്. ക്രൈസ്തവ ആരാധനാലയങ്ങൾക്ക് പള്ളി എന്ന പേരു ലഭിച്ചതുതന്നെ ബുദ്ധമതക്കാരിൽ നിന്നാണ്. മുത്തുക്കുട, തോരണം, പകൽവിളക്ക്, വെടിക്കെട്ട്, റാസ, പെരുനാൾ (ഉത്സവം) തുടങ്ങിയവയും സ്ത്രീകൾ പുറകിൽ ഞൊറിയിട്ടുമുണ്ടുടുക്കുന്നതും പുരുഷന്മാർ ശിരോമുണ്ഡനം ചെയ്തിരുന്നതും ബുദ്ധമതസ്വാധീനത്തിന്റെ ഭാഗമാണ്. ഹിന്ദുമതവും ബ്രാഹ്മണ പാരമ്പര്യങ്ങളും ക്ഷേത്രങ്ങളും ക്രിസ്ത്യാനികളെ സ്വാധീനിക്കാൻ തുടങ്ങിയത് എ. ഡി. 8-ാം നൂറ്റാണ്ടിനു ശേഷമാണ്. ഈ ചരിത്ര സത്യം തമസ്കരിച്ചിട്ട് എ. ഡി. 1-ാം നൂറ്റാണ്ടു മുതൽ മലങ്കര സുറിയാനി സഭയ്ക്ക് ബ്രാഹ്മണരുടെ ക്ഷേത്ര സംസ്കാരം ഉണ്ടെന്നു അവകാശപ്പെടുന്നതു പുതിയ തലമുറയിലെ ചരിത്രബോധമുള്ളവർ തള്ളിക്കളഞ്ഞു തുടങ്ങിയിരിക്കുന്നു. മലങ്കര പുരാതന സുറിയാനി ക്രൈസ്തവ സമൂഹം അന്ത്യോക്യൻ പാരമ്പര്യം അവകാശപ്പെടുമ്പോഴും അന്ത്യോക്യയിൽ ഉണ്ടായിരുന്ന ക്രിസ്തുശിഷ്യപൈതൃകം കൈമോശം വന്നിരുന്നു എന്ന സത്യം അവർ ഇന്നും അംഗീകരിക്കുന്നില്ല. വ്യക്തിഗത രക്ഷാനിർണ്ണയവും വിശ്വാസസ്നാനവും ആ പൈതൃകത്തിൽ പ്രധാനമാണ്. ആദിമസഭ രക്ഷിക്കപ്പെട്ടവരുടെ കൂട്ടായ്മ ആയിരുന്നെങ്കിൽ കാലാന്തരത്തിൽ അതു നാമധേയ ക്രിസ്ത്യാനിസമൂഹമായി.

യേശുക്രിസ്തു ശിഷ്യന്മാരെ പരിശീലിപ്പിച്ചിട്ട് ശിഷ്യത്വ പരിശീലനം തുടരാനാണ് ശിഷ്യന്മാരോട് കല്പിച്ചത്. Discipleship സഭയുടെ പ്രധാന ദൗത്യമാണ്. ഗുരുമുഖത്തു നിന്നും പഠിക്കാൻ കഴിഞ്ഞു എന്നതാണ് ക്രിസ്തു ശിഷ്യരുടെ ഭാഗ്യം. ആദിമസഭ നിലനിന്നത് ശിഷ്യത്വപരിശീലന പ്രക്രിയയിലൂടെ

*ശേഷം 27-ാം പേജിൽ*

# വനിതകളിൽ വർദ്ധിച്ചുവരുന്ന വൈകൃതവാസന

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം



**സാ**മൂഹ്യസമ്മർദ്ദങ്ങൾക്കു വിധേയരായി നമുക്കില്ലാത്ത ഒരു സാമ്പത്തിക ഭദ്രത നേടി എടുക്കുന്നതിനുവേണ്ടി ഇന്ന് വ്യക്തികളും, കുടുംബങ്ങളും പല തരത്തിലുള്ള വഴികൾ അന്വേഷിക്കുന്നു. ഈ വഴികൾ പലപ്പോഴും അവരെ കുറ്റകൃത്യങ്ങളിലേക്ക് നയിക്കുന്നു. എന്നാൽ അതിന്റെ അവസാനം വളരെ ദുഃഖകരമാണ്.

സാമ്പത്തിക ക്രമക്കേട് നടത്തിയതിന്റെ പേരിൽ ഒരു കുടുംബത്തിലെ ഡോക്ടേർസ് ആയ രണ്ടുമക്കളും, അഭ്യസ്തവിദ്യയായ മൂന്നാമത്തെ മകളും അവരുടെ മാതാവിനോടൊപ്പം സർക്കാർ അതിഥികളായി അട്ടക്കുളങ്ങരയിലെ അതിഥിമന്ദിരത്തിൽ (അഗതിമന്ദിരമെന്നു പറയുന്നതായിരിക്കും കൂടുതൽ അനുയോജ്യം) സർക്കാർ ഭക്ഷണത്തിന്റെ ഉപഭോക്താക്കളാണ്. അവരുടെ പ്രിയ പിതാവ് പൂജപ്പുരയിലുള്ള അതിഥിമന്ദിരത്തിലാണ്. സ്വത്തുക്കൾ പോരാ എന്നു തോന്നിയ ഈ കോടീശ്വരകുടുംബാംഗങ്ങൾ പട്ടിണിക്കാരുടെയും, അർദ്ധപ്പട്ടിണിക്കാരുടെയും ഉൾപ്പെടെയുള്ളവരുടെ ജീവിതസമ്പാദ്യം കുത്സിതമാർഗ്ഗങ്ങളിലൂടെ തട്ടിയെടുത്തതാണ് സർക്കാരിനു അവരെ സംരക്ഷിക്കുവാനുള്ള നിമിത്തമായിത്തീർന്നത്. എന്തിനവർ അതു ചെയ്തു എന്ന ചോദ്യത്തിനു തക്ക ഉത്തരം ആർക്കും ഇല്ല. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിന്നും മൂലമല്ലോ (1 തിമൊഥെയൊസ് 6:10) എന്ന വേദവാക്യമാണു ഓർമ്മയിലോടിയെത്തുന്നത്. 28 വർഷങ്ങൾക്കു മുമ്പ് തന്നെക്കാൾ എട്ടു വയസ്സുപ്രായം കുറഞ്ഞ കുഞ്ഞനുജത്തിയെ കാമുകന്റെ സഹായത്തോടെ കോടാലി കൊണ്ടു തലയ്ക്കടിച്ചശേഷം കിണറിന്റെ ആഴത്തിലേക്കു തള്ളിയ കന്യാസ്ത്രീക്ക് നീതിപീഠത്തിന്റെ ക്രിസ്മസ് സമ്മാനമായ ജീവപര്യന്തം ലഭിച്ചിട്ട് ചില ആഴ്ചകളേ ആയുള്ളൂ. വൈകിവന്ന ശിക്ഷാവിധി. വൈകിയാലും കുറ്റകൃത്യത്തിനു ശിക്ഷ ഉറപ്പാണ് എന്നൊരു മുന്നറിയിപ്പാണിത്. പ്രായം, രോഗാവസ്ഥ ജീവിതസാഹചര്യങ്ങൾ ഇവയൊന്നും ശിക്ഷയിൽനിന്നും കുറ്റവാളികൾക്കു സ്വാഭാവിക മോചനം വാഗ്ദാനം ചെയ്യുന്നില്ല എന്നതിന്റെ മകുടോദാഹരണമാണ് അവർക്കു ലഭിച്ച വിധി. തിരുവസ്ത്രത്തിന്റെയോ ഭക്തിയുടെ ഇതര വേഷത്തിന്റെയോ മറവിൽ ഏതുകുറ്റകൃത്യം ചെയ്യുന്ന ഭക്തവനിതകൾക്കും ശക്തമായ ഒരു മുന്നറിയിപ്പാണ് നീതിപീഠങ്ങൾ നല്കുന്നത്. രഹസ്യത്തിൽ ചെയ്യുന്നത് പരസ്യമാകുമെന്ന് ഓർക്കുക.

ഒരു വിദേശമന്ത്രാലയത്തെ വിരൽതുമ്പിൽ ചലിപ്പിച്ച അധികാരകേന്ദ്രമായിരുന്ന വനിതയ്ക്ക് ജാമ്യമില്ലാവകുപ്പുകൾ ചാർത്തി സർക്കാർ അതിഥിപദത്തിലേക്കു ഉയർത്തിയതും നമ്മുടെ സ്മരണയിൽ നിന്നും പെട്ടെന്നൊന്നും മാഞ്ഞുപോകയില്ല. സർക്കാരിന്റെ അധികാരത്തിന്റെ ഇടനാഴികളിലെ ആധിപത്യം നിരവധി സർക്കാർ ഉദ്യോഗസ്ഥരെയും ഭരണകർത്താക്കളെയും കുരുക്കിലാക്കി. ഇംഗ്ലണ്ടിലെ ജോൺ പ്രൊഫ്യൂമോ, ക്രിസ്റ്റീൻ കീലർ ബന്ധത്തെ അനുസ്മരിപ്പിക്കുന്ന അവിഹിതബന്ധങ്ങൾ ദാമ്പത്യബന്ധങ്ങളെയും ഉലച്ചിരിക്കയാണ്.

ഒരു പ്രമുഖ ബാങ്കിന്റെ തലപ്പത്തിരുന്ന വനിതാ സി.ഇ.ഓ. സാമ്പത്തിക ക്രമക്കേടുകളുടെ ആരോപണത്തെ പരിഗണിച്ച് രാജി വച്ചൊഴിഞ്ഞതായും തൊട്ടു പിന്നാലെ ഒരു പ്രശസ്ത കമ്പനിയുടമയായ ഭർത്താവ് അറസ്റ്റിലായെന്നുമുള്ള വാർത്ത ഞെട്ടിപ്പിക്കുന്നതായിരുന്നു. കഠിനപരിശ്രമത്തിലൂടെ അധികാര സ്ഥാനങ്ങളുടെ ഉന്നതികളിലെത്തുന്ന വനിതകൾ സ്ഥാനത്തെയും മാനത്തെയും അവഗണിച്ച് സാമ്പത്തിക ക്രമക്കേടുകൾ കാണിക്കുകയോ സാമ്പത്തിക തിരിമറികൾക്കും നിയമപരിധിക്കു പുറത്തുള്ള കുറ്റകൃത്യങ്ങളിലും ഏർപ്പെടുന്നത് സർവ്വസാധാരണമായ ഒരു സംഭവമായി തീർന്നിരിക്കയാണ്. ആസൂത്രിത സയനൈഡുകൊലപാതകങ്ങൾ, സോളാർ തട്ടിപ്പ്, സ്വർണ്ണകള്ളക്കടത്ത് ഇത്യാദി കുത്സിതപ്രവർത്തനങ്ങൾ കേരളരാഷ്ട്രീയ സാമൂഹ്യസാമ്പത്തികമേഖലകൾ മലീമസമാക്കുന്നതിന്റെ മുഖ്യസൂത്രധാരർ മാന്യരായി പരിഗണിക്കപ്പെട്ടിരുന്ന വനിതകളാണ്. അനർഹമായ സ്ഥാനമാനങ്ങളും പദവികളും ദുരുപയോഗം ചെയ്ത് മൂന്നാംകിട കുറ്റവാളികളുടെ നിലയിലേക്കു നിപതിച്ച് കല്ത്തുറുങ്കിലടയ്ക്കപ്പെട്ടവരാണ് ഈ വനിതകൾ. നേരോടെ നടക്കുന്നവർക്കു ഒരു നന്മയും മുടക്കപ്പെടുകയില്ല എന്ന ബൈബിൾ വചനമാണ് ഓർമ്മയിൽ ഓടിയെത്തുന്നത്.

2020-ലെ ആകസ്മികമായ കൊറോണാ വൈറസിന്റെ ആവിർഭാവത്തിൽ ജനശ്രദ്ധ മിക്കവാറും വൈറസിന്റെ വ്യാപനത്തിലും കോവിഡ് രോഗികളുടെ മരണത്തിലും കേന്ദ്രീകരിച്ചിരുന്നതിനാൽ സ്ത്രീകളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ നാം ശ്രദ്ധിക്കാതെ പോകുന്നുവോ എന്ന സംശയം കൊണ്ടാണ് ഈ വരികൾ കുറിക്കുന്നത്.

2020 ഡിസംബർ നാലാം തീയതിയിലെ വർത്തമാനപ്പത്രം എന്നെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു.

1. മുൻ വ്യവസായ വികസനവനിതാ ഓഫീസർ പത്തൊൻപതു ലക്ഷം രൂപയുടെ തിരിമറിയിൽ അറസ്റ്റിലായി.
2. ഇരുപത്തഞ്ചു വയസ്സുകാരി 4 വയസ്, 2 വയസ്, 4 മാസം പ്രായമുള്ള മൂന്നു കുഞ്ഞുങ്ങൾക്കു വിഷം നല്കിയിട്ട് ആത്മഹത്യ ചെയ്തു.
3. നവജാതശിശുവിന്റെ മൃതദേഹം കുഴിച്ചു മൂടിയ നിലയിൽ സമീപവാസികൾ കണ്ടെത്തുന്നു. ഭർത്താവുമായി പിണങ്ങിപ്പോയ ഈ സ്ത്രീ മാതാപിതാക്കളോടൊപ്പം താമസിച്ചു വരുമ്പോൾ ഉണ്ടായ ശിശുവിനെയാണ് കൊന്നു കുഴിച്ചിട്ടത്. നാലാം തീയതിയിലെ നാലാമത്തെ സംഭവം, കുടുംബ കലഹത്തിന്റെ പേരിൽ ഭാര്യയും മരുമകനും അയൽവാസിയും ചേർന്ന് ക്വട്ടേഷൻ നല്കി ഗൃഹനാഥനെ വകവരുത്താൻ ശ്രമിച്ച കേസിൽ ഭാര്യ അറസ്റ്റിൽ.

മുകളിൽ കുറിച്ച സംഭവങ്ങൾ ഒരു സാമ്പിൾ മാത്രം. നാം ശ്രദ്ധിക്കപ്പെടാതെ എത്രയോ സംഭവങ്ങളാണ് നമ്മുടെ കൊച്ചു കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. പുരുഷനോടൊപ്പം തുല്യതയ്ക്കുവേണ്ടി മുറവിളി കൂട്ടിയ വനിതകൾ ആവശ്യപ്പെട്ടതിലുമുപരി പുരുഷന്മാരെ കടത്തിവെട്ടുന്ന കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള സ്വാതന്ത്ര്യമാണ് അവർക്കു നേടിയെടുത്തതെന്നു സംശയിക്കുന്നു. ഈ കുറ്റകൃത്യങ്ങളിലെ എല്ലാം സൂത്രധാരർ വനിതകളാണ്, മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്തവിധം വൈകൃതവാസന വനിതകളിൽ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കയാണ് എന്ന അവബോധം മാതാപിതാക്കളായ നമുക്ക് അവശ്യം ആവശ്യമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണു നാം ജീവിക്കുന്നത്. ദൈവം നമ്മുടെ കൈകളിൽ ഏല്പിച്ചു നല്കിയിരിക്കുന്ന മക്കളെ ആൺ-പെൺ വ്യത്യാസം കൂടാതെ നേരേചൊവ്വേ വളർത്തേണ്ടതിന്റെ ആവശ്യകതയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മാതാപിതാക്കൾ വളർന്നു

വന്ന കാലഘട്ടത്തിലല്ല മക്കൾ വളരുന്നതെന്ന് ഒന്നാമത് ഓർക്കുക. നമ്മുടെ മക്കൾ നേരിടുന്ന സമ്മർദ്ദങ്ങൾ നാം നേരിട്ടിട്ടുള്ളതിൽ അനേക മടങ്ങാണ്.

സമൂഹത്തിലെ തെറ്റും ശരിയും ത്വരിതഗതിയിൽ മാറിമറിഞ്ഞുകൊണ്ടിരിക്കയാണ്. എന്നാൽ കുടുംബബന്ധങ്ങളോ, മാനുഷികമൂല്യങ്ങളോ ആദ്ധ്യാത്മിക തത്ത്വങ്ങളോ കാലാനുസൃതമായി മാറുവാനുള്ളതല്ല. ഭാര്യാഭർത്തൃബന്ധവും മക്കളും മാതാപിതാക്കളുമായുള്ള ബന്ധവും നാം ബന്ധപ്പെട്ടു നില്ക്കുന്ന സഭയോടും സമൂഹത്തോടുമുള്ള കടപ്പാടുകളും ബന്ധവും ഒക്കെ ദിവസവും മാറിമറിഞ്ഞുകൊണ്ടിരിക്കുന്നവയല്ല, മാറ്റിമറിക്കാൻ പാടില്ല.

അനേകം സ്ത്രീകളും തങ്ങളുടെ സുഖപ്രദമായ ജീവിതത്തിനുവേണ്ടിയാണ് ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നത്. ഇത്തരത്തിൽ ആഡംബരപ്രിയകളും ഉല്ലാസ മോഹികളുമായ ശമര്യയിലെ സ്ത്രീകളെ പഴയനിയമത്തിൽ ആമോസ് പ്രവാചകൻ വിളിക്കുന്നത് ബാശാന്യ പശുക്കളേ എന്നാണ്. ഇവർ എളിയവരെ പീഡിപ്പിക്കുകയും, ദരിദ്രന്മാരെ തകർക്കുകയും തങ്ങളുടെ ഭർത്താക്കന്മാരെ അനുസരിക്കാത്തവരുമാണ്. ആമോസ് പ്രവചനത്തിൽ ഇവർക്ക് ധാരാളം മുന്നറിയിപ്പ് നല്കുന്നു. പല മഹാമാരികൾ, ശോധനകൾ ഇന്നത്തെപ്പോലെ അവർക്ക് നേരിട്ടു എങ്കിലും അവർ ദൈവത്തിങ്കലേക്കു തിരിഞ്ഞില്ല എന്ന് ആമോസ് പറയുന്നു. ഇന്നും ദൈവം പല പ്രതികൂലങ്ങൾ, പല മഹാമാരികൾ നമ്മുടെ നേരെ വരുത്തുന്നു. എന്നിട്ടും നമ്മൾ ദൈവത്തിങ്കലേക്ക് തിരിയുന്നില്ല. ശമര്യസ്ത്രീകളെപ്പോലെ അല്ല നമുക്ക് മാനസാന്തരപ്പെട്ട് ദൈവത്തെ എതിരേല്ക്കാൻ ഒരുങ്ങിക്കൊള്ളാം.

വേദപുസ്തകവനിതകളിലേക്കും വിവേകമതിയെന്നു വിശേഷിപ്പിക്കുന്ന ഒരു ധീരവനിതയാണ് 1 ശമൂവേൽ 25:3 ൽ കാണുന്ന അബീഗയിൽ. അവളുടെ ഭർത്താവാകട്ടെ, നിഷ്ഠുരനും ദുഷ്കർമ്മിയും ആയിരുന്നു. ആ ദുഷ്ക്കർമ്മിയെക്കൊണ്ട് സുന്ദരിയും സുശീലയുമായ അബീഗയിലിനെ വിവാഹം കഴിപ്പിച്ചത് അവന്റെ ധനമാഹാത്മ്യം കൊണ്ടായിരിക്കണം. അവൻ മഹാധനികനായിരുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു (1 ശമു:25:2) തന്മൂലം ആ യുവതിയും അവളുടെ മാതാപിതാക്കന്മാരും എത്രയധികം മാനസികവ്യഥ അനുഭവിച്ചിരിക്കണം. നമ്മുടെ ഇടയിലും പെൺമക്കൾക്കു വിവാഹാലോചന നടത്തുന്ന മാതാപിതാക്കന്മാരും ഭാവിവരന്റെ സ്വഭാവഗുണത്തെ പരിഗണിക്കാതെ പണക്കൊഴുപ്പിനും, ചുറ്റുപാടുകൾക്കും മുൻതൂക്കം കൊടുത്തതിന്റെ പരിണതഫലമായി നരകതുല്യമായ ദാമ്പത്യ ജീവിതത്തിലേക്കു സ്വന്തം പെൺമക്കളെ തള്ളിവിട്ടിട്ടുള്ള എത്രയോ ചരിത്രങ്ങൾ നമുക്കേവർക്കും അറിയാമെന്നു കരുതുന്നു. അത്തരം വിവാഹബന്ധങ്ങൾ അധികകാല വിളംബമെന്യേ കുടുംബക്കോടതികളിലും വിവാഹമോചനത്തിലും അവസാനിക്കുന്നു. അബീഗയിൽ സുന്ദരിയും, സുശീലയും മാത്രമല്ല, പ്രതിസന്ധികളെ നേരിടാൻ ആവശ്യമായ വിവേകവും ഉള്ള വനിതയായിരുന്നു. പ്രബലനും പ്രക്ഷുബ്ധമാനസനും ആയ ദാവീദിനെ പ്രതികാരത്തിൽ നിന്നും പിന്തിരിപ്പിക്കാനും രക്തപാതകത്തിൽ നിന്നും വിടുവിക്കാനും അവൾക്കു കഴിഞ്ഞുവെന്നു മാത്രമല്ല, അവളുടെ വിവേകത്തെ ദാവീദു മുക്തകണ്ഠം പ്രശംസിക്കുവാനും ഇടയായി. സമയോചിതമായ അബീഗയിലിന്റെ ഇടപെടലിനെപ്പറ്റി ദാവീദ് പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. ''എന്നെ എതിരേല്പാൻ നിന്നെ ഇന്നു അയച്ചിരിക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവെക്കു സ്തോത്രം. നിന്റെ വിവേകം സ്തുത്യം; രക്തപാതകവും സ്വന്ത കൈയാൽ പ്രതികാരവും ചെയ്യാതവണ്ണം എന്നെ ഇന്നു തടുത്തിരിക്കുന്ന നീയും അനുഗ്രഹിക്ക

പ്പെട്ടവൾ. നിന്നോടു ദോഷം ചെയ്യാതവണ്ണം എന്നെ തടുത്തിരിക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണ, നീ ബദ്ധപ്പെട്ടു എന്നെ എതിരേറ്റു വന്നിരുന്നില്ലെങ്കിൽ നേരം പുലരുമ്പോഴേക്കു പുരുഷപ്രജയൊന്നും നാബാലിനു ശേഷിക്കയില്ലായിരുന്നു" (1 ശമൂവേൽ 25:32-34).

ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ സദൃശ.31:10-31 വരെയുള്ള വാക്യങ്ങളിൽ സാമർത്ഥ്യമുള്ള ഭാര്യയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. ദേശകാലവ്യത്യാസമെന്യേ ഏതുകാലയളവിലും ഏതു രാജ്യത്തിലും ജീവിക്കുന്ന വനിതകൾക്ക് മാതൃകയാക്കാൻ പാകത്തിലുള്ള സവിശേഷതകൾ സമഞ്ജസമായി സമ്മേളിച്ച ഒരു സ്ത്രീരത്നത്തെയാണു ശലോമോൻ അവതരിപ്പിച്ചിരിക്കുന്നത്. അവളിൽ സ്ത്രീത്വത്തിന്റെയും മാതൃത്വത്തിന്റെയും ഭാര്യത്വത്തിന്റെയും തിളക്കമാർന്ന ഗുണഗണങ്ങൾ പ്രതിഫലിക്കുന്നു. ഭർത്താവിന്റെ അകമഴിഞ്ഞ പ്രശംസയ്ക്കൊപ്പം മക്കൾ അവളെ ഭാഗ്യവതി എന്നു പുകഴ്ത്തുന്നു. എത്ര അനുഗൃഹീതമായ ഒരു അനുഭവമാണത്. പല ഭവനങ്ങളിലും ഭർത്താക്കന്മാർ ഭാര്യയുടെ ചാരിത്രശുദ്ധിയെ സംശയിക്കുകയും കലാപം പൊട്ടിപ്പുറപ്പെടുകയും ചെയ്യുമ്പോൾ സദൃശവാക്യത്തിലെ ഭർത്താവിനു ഭാര്യയെ ഒരു സംശയവും ഇല്ലായിരുന്നു. "സീസറിന്റെ ഭാര്യ സംശയത്തിനു അതീതയായിരിക്കണം" എന്ന ചൊല്ലുപോലെ ഭർത്താവിന്റെ ഹൃദയം അവളെ വിശ്വസിക്കുന്നു. അവൾ ആയുഷ്ക്കാലം മുഴുവനും നന്മ ചെയ്യുന്ന സ്ത്രീ ആയിരുന്നു. അവളുടെ സത്കർമ്മങ്ങൾ പ്രസിദ്ധമായിരുന്നതുകൊണ്ട് അവളുടെ ഭർത്താവും പ്രസിദ്ധനായി. പട്ടണവാതില്ക്കൽ അവളും പ്രശംസിക്കപ്പെട്ടു. ബൈബിൾ വനിതകളായ അബീഗയിലും, ശലോമോന്റെ സാമർത്ഥ്യമുള്ള സ്ത്രീയും ഒക്കെ മായാത്ത വ്യക്തിമുദ്ര പതിച്ച മാതൃകാവനിതകൾ ആയിരുന്നു. അത്തരം വേദപുസ്തക വനിതകളെ മാതൃകയാക്കി അനുഗ്രഹകരമായ ക്രിസ്തീയജീവിതം നയിക്കുവാൻ പ്രിയ വനിതാമിത്രങ്ങളെയും ദൈവം സഹായിക്കട്ടെ. ❑

---

*5-ാം പേജിൽ നിന്നും തുടർച്ച (ഇച്ഛിക്കുന്നതും....)*

എന്നാൽ ദൈവത്തിന് നമ്മെക്കുറിച്ചും ചില ഇച്ഛകളുണ്ട്. "അന്തർഭാഗത്തിലെ സത്യമല്ലോ നീ ഇച്ഛിക്കുന്നത്" (സങ്കീ.51:6) എന്നു ദാവീദ് വെളിപ്പെടുത്തുന്നു. അതേ സമയം ഹനനയാഗം നീ ഇച്ഛിക്കുന്നില്ല; അല്ലെങ്കിൽ ഞാൻ അർപ്പിക്കുമായിരുന്നു എന്നുകൂടെ ദാവീദ് പറയുന്നു (51:16). "ഞാൻ ഇരിക്കുന്ന ഇടത്ത് അവരും എന്നോടുകൂടെ ഇരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു" എന്നു യേശു പിതാവിനോട് പ്രാർത്ഥിക്കുന്നുണ്ട് (യോഹ. 17:24). കൂടാതെ "ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ" എന്നു മറ്റൊരു ഇഷ്ടത്തെക്കുറിച്ചും നാം വായിക്കുന്നു (1 തെസ്സ. 4:3). എന്തെങ്കിലും കർമ്മങ്ങളോ ആചാരാനുഷ്ഠാനങ്ങളോ ചെയത് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുമായിരുന്നു എങ്കിൽ അത് ചെയ്വാൻ ദാവീദിനെപ്പോലെ തന്നെ ആദ്യ സംഭവത്തിലെ യൗവനക്കാരനും സന്നദ്ധനായിരുന്നു. എന്നാൽ ബാഹ്യമായ ഭക്തി പ്രകടനങ്ങളിലോ കർമ്മാനുഷ്ഠാനങ്ങളിലോ ഒന്നും ഇച്ഛിക്കാതെ, അന്തർഭാഗത്തിലെ സത്യവും ശുദ്ധീകരണവും, നാം കർത്താവിനോടുകൂടെ ഇരിക്കണമെന്നതുമൊക്കെയാണ് ദൈവം നമ്മെക്കുറിച്ച് ഇച്ഛിക്കുന്നത്.

അന്തർഭാഗത്തിലെ അശുദ്ധി തിരിച്ചറിയുവാനുള്ള ഉൾക്കാഴ്ചയാണ് നാം ഇച്ഛിക്കുന്നതെങ്കിൽ, അത് ദൈവത്തോട് അറിയിക്കുകയാണ് നാം ആദ്യം ചെയ്യേണ്ടത്. അത് മാത്രമാണ് പിന്നീടും ചെയ്യേണ്ടത്. നമ്മിലുള്ള അശുദ്ധി ഗ്രഹിക്കുമ്പോഴേ ശുദ്ധീകരണം നമുക്കു ആഗ്രഹിക്കുവാൻപോലും കഴിയുകയുള്ളൂ. ആകയാൽ നമ്മുടെ ഇച്ഛകളെല്ലാം, നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ഇച്ഛയിലേക്കു നയിക്കുന്നതു മാത്രം ആയിരിക്കട്ടെ. ഭൗതികമോ ജഡികമോ ആയ ഇച്ഛകളല്ല, ആത്മീയ ഇച്ഛകൾ മാത്രം നമ്മിൽ ഉണരട്ടെ. ദൈവം കൃപ നല്കട്ടെ. ❑

*19-ാം പേജിൽ നിന്നും തുടർച്ച (കുടുംബം എന്ന പ്രതിഭാസം)*

ണനകൾ ഇവയാണോ എന്നത് അവലോകനം ചെയ്തു നോക്കേണ്ടിയിരിക്കുന്നു. ദമ്പതികൾക്ക് തമ്മിൽ ഉണ്ടായിരിക്കേണ്ട സ്നേഹവും ബഹുമാനവും സമർപ്പണവും കരുതലും എങ്ങനെയോ നഷ്ടപ്പെട്ടുപോകുന്നു. ക്രൂശിക്കപ്പെടാത്ത ജഡം പലപ്പോഴും ക്രിസ്തീയ കുടുംബങ്ങളിൽ നേതൃത്വവും നിയന്ത്രണവും ഏറ്റെടുക്കുന്നു. ദമ്പതികൾ രണ്ടുപേരും തമ്മിൽ മത്സരിക്കുവാനും വാദങ്ങളിൽ ജയിക്കാനും അന്യോന്യം നിയന്ത്രിക്കാനും ക്രൂരമായി വിമർശിക്കാനും ശ്രമിക്കുന്നു. അങ്ങനെ കുടുംബങ്ങൾ യുദ്ധക്കളങ്ങളായി മാറുന്നു. ലോകവും ലോകമയത്വവും ജഡത്തിന്റെ ബീഭത്സമുഖവും കുടുംബത്തിലേക്ക് കടന്നു വരുന്നു. ആരും പുറത്തു പറയാറില്ല, എങ്കിലും അനേക ക്രിസ്തീയകുടുംബങ്ങളിലും അകത്തളങ്ങളിൽ ഇത്തരം കാഴ്ചകളാണ് ഇക്കാലങ്ങളിൽ കണ്ടുവരുന്നത്. അതിനനുസരിച്ച് കുടുംബ ജീവിത പ്രശ്നങ്ങളും വെല്ലുവിളികളും വർദ്ധിച്ചുവരുന്നു. കുടുംബങ്ങളിൽ സന്തോഷത്തിനുപകരം വിഷാദം, ഐക്യത്തിനു പകരം ശത്രുതയും മത്സരവും, ത്യാഗത്തിനു പകരം സ്വാർത്ഥത, സംതൃപ്തിക്കുപകരം കടുത്ത അസംതൃപ്തിയും നിരാശയും, ആത്മിക വളർച്ചയ്ക്കും ശക്തിക്കും പകരം ജഡികജീവിതവും, തളർച്ചയും, ഇങ്ങനെ ക്രിസ്തീയ കുടുംബ ജീവിത പ്രമാണങ്ങളെ തൃണവൽഗണിച്ചുള്ള ലൗകിക ജീവിതം ഒരു രീതിയായി മാറുകയാണ്!

ഇങ്ങനെയൊക്കെ സംഭവിക്കാനുള്ള കാരണങ്ങൾ എന്താണ്? ക്രിസ്തീയ കുടുംബങ്ങളെ തകർച്ചയിൽ നിന്നും പൊത്തുവരുത്ത ആത്മികപരിവേഷത്തിൽ നിന്നും വിടുവിച്ച് സന്തോഷത്തിന്റെയും ഐക്യത്തിന്റെയും സമാധാനത്തിന്റെയും സംതൃപ്തിയുടെയും പാതയിലേക്ക് നയിക്കാൻ എങ്ങനെ സാധിക്കും? അതിനായി എന്തുചെയ്യണം? എവിടെ തുടങ്ങണം? ഗൗരവമായി ചിന്തിക്കയും വേദപുസ്തകത്തിൽ നിന്നും പരിശുദ്ധാത്മ സഹായത്തോടെ ഉത്തരം കണ്ടെത്തേണ്ടതുമായ ഗൗരവമായ ചോദ്യങ്ങൾ ആണ് ഇവയൊക്കെ. ❑

---

*8-ാം പേജിൽ നിന്നും തുടർച്ച (പ്രതിസന്ധിയിൽ തളരാതെ)*

അനുസരണം, താഴ്മ, വിനയം, പരസ്പര സ്നേഹം, വേർപാട്, വിശുദ്ധി ഇങ്ങനെയുള്ള ആത്മീയമൂല്യങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. നമ്മുടെ ഏവരുടെയും പ്രത്യാശാവിഷയം നമ്മുടെ കർത്താവിന്റെ വീണ്ടുംവരവത്രേ. “ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നയിടത്ത് നിങ്ങളും, ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും” എന്ന വാഗ്ദത്തം നല്കിയിട്ടാണ് കർത്താവ് പോയത് (യോഹ 14:3). അതുകൊണ്ട് അവൻ (കർത്താവ്) വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ (1 പത്രൊ. 1:16). നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ. അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും എന്നറിക. അർദ്ധരാത്രിക്കോ മണവാളൻ വരുന്നു എന്ന് ആർപ്പുവിളിയുണ്ടായി (മത്താ. 25:5). ഒരുങ്ങിയും ഉണർന്നും പ്രാർത്ഥിച്ചും ഇരുന്നവർ എടുക്കപ്പെട്ടു (1 തെസ്സ 5:6). നമ്മുടെ ആരാധനയും, കൂടിവരവും, കൂട്ടായ്മയും നിന്നുപോയ സമയം. ഇതുപോലെ ഒരു കാലഘട്ടം ഒരിക്കലും, ഒരുനാളിലും ഉണ്ടായിട്ടില്ല എന്നത് സത്യമല്ലേ? കോവിഡ്-19 എന്ന ഭീകരമഹാമാരി ആകാശത്തിൻ കീഴുള്ള സകല മനുഷ്യവർഗ്ഗത്തെയും കിടുകിടവിറപ്പിച്ചു വകവരുത്തിയിരിക്കുകയാണ്. ദൈവജനം ഒരു അഭയയാചന നടത്തിയേ മതിയാവൂ. ആകയാൽ ഈ സംഭവിപ്പാനുള്ള എല്ലാറ്റിൽ നിന്നും ഒഴിഞ്ഞുപോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നില്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിന്നു സദാകാലവും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ (ലൂക്കൊ 21:36) (1) ഉണരുക (2) പ്രാർത്ഥനയിൽ പോരാടുക. വിടുതലിനായി ഇതല്ലാതെ വേറെ മാർഗ്ഗം ഇല്ല. *(തുടരും...)*

*21-ാം പേജിൽ നിന്നും തുടർച്ച (സഭയും പാതാള...)*

ആയിരുന്നു. അപ്പൊ. പ്രവൃത്തി 6:7 "ദൈവ വചനം പരന്നു, യെരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏറ്റവും പെരുകി. പുരോഹിതന്മാരിലും വലിയൊരു കൂട്ടം വിശ്വാസത്തിനു അധീനരായി ത്തീർന്നു". ആദിമസഭയുടെ ചരിത്രം ശിശുപ രമ്പരയുടെ ചരിത്രമായിരുന്നു. ഇന്നു പറയാ റുള്ളത് വിശ്വാസികളുടെ എണ്ണം വർദ്ധിച്ചു എന്നോ ഇടവകജനങ്ങൾ പെരുകി എന്നും മറ്റു മാണ്. സഭയുടെ അപചയത്തിന്റെ മുഖ്യകാര ണങ്ങളിൽ ഒന്നു ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ അഭാവം തന്നെയാണ്. മത്തായി. 28:19-20 വാക്യ ങ്ങളിലെ കല്പനയിൽ സകല ജാതികളെയും (Nations) ശിഷ്യരാക്കിക്കൊൾവിൻ എന്നാണ്. യേശുവിന്റെ ശിഷ്യന്മാർ എത്ര എന്ന ചോദ്യ ത്തിനു പന്ത്രണ്ട് എന്നല്ലാതെ ഒരുത്തരം ആരും പ്രതീക്ഷിക്കുന്നില്ല. എന്നാൽ യേശു ശിഷ്യന്മാ രോട് പറഞ്ഞതിന്റെ പൊരുൾ പന്ത്രണ്ടിൽ ഒതു ങ്ങരുത് എന്നാണല്ലോ. "...... ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങ ളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറി യുന്നു'' എന്നാണ് അപ്പൊസ്തലനായ പൗലൊസ് (അപ്പൊ. പ്രവൃത്തി 20:29) വ്യക്ത മായി പറഞ്ഞിട്ടുള്ളത്. ദുരുപദേശക്കാരും നിങ്ങ ളുടെ ഇടയിൽ എഴുന്നേല്ക്കും എന്നും മുന്ന റിയിപ്പ് തരുന്നുണ്ട്. സഭയോട് മത്സരിക്കുവാൻ അഥവാ സത്യസഭയെ കളങ്കപ്പെടുത്തുവാൻ ക്രൈസ്തവ നാമധാരികൾ തന്നെ രംഗത്തു വരും എന്നാണ് പൗലൊസ് അപ്പൊസ്തലൻ മുന്നറിയിപ്പ് തരുന്നത്. യേശുക്രിസ്തു സ്വന്ത രക്തത്താൽ സമ്പാദിച്ച സഭ എന്നുള്ള വിശേ ഷണം ശക്തമാണ്. കുഞ്ഞാടിന്റെ രക്തമറവിൽ യിസ്രായേല്യർ രക്ഷപ്രാപിച്ചതുപോലെ സത്യ സഭയുടെ വിജയം ആത്യന്തികമാണ്. പാതാള ഗോപുരങ്ങൾ സത്യസഭയോട് മത്സരിക്കും എന്നാൽ വിജയിക്കുകയില്ല. എളിമയുടെ കുല പതിയായി കാലിത്തൊഴുത്തിൽപ്പിറന്നു കാൽവ റിയിൽ മരിച്ചുയിർത്ത യേശുവിന്റെ സഭയുടെ മുഖമുദ്ര ലാളിത്യമാണ്. ആട്ടിൻപറ്റവും ഇടയ ന്മാരും പച്ചപ്പുൽപ്പുറങ്ങളിൽ വസിക്കുന്നു. അര മനകൾ അവർക്കു പറ്റിയതല്ല. ആട്ടിൻകൂട്ട ത്തിൽ നിന്നും അകന്നു ഇടയന്മാർ അരമനക ളിൽ അന്തിയുറങ്ങാൻ തുടങ്ങിയ കാലം ഏക ദേശം എ. ഡി. 4-ാം നൂറ്റാണ്ടുമുതലാണ്. അരമന രഹസ്യങ്ങൾ അങ്ങാടിപ്പാട്ടാകുന്ന ഈ കാലത്ത് സത്യസഭയെയും വ്യാജസഭയെയും തിരിച്ചറിഞ്ഞുതുടങ്ങിയിട്ടുണ്ട്. ❑

---

*16-ാം പേജിൽ നിന്നും തുടർച്ച (കുറ്റവാളിയുടെ കുടുംബം)*

''അച്ഛാ ഇവിടെനിന്നും പോയ ചന്ദ്രനല്ല ഇത്. ഈ ജീവിതം ഞാൻ മാറ്റിയെടുത്തു. യേശുദേ വൻ എന്റെ പാപമെല്ലാം ക്ഷമിച്ചു. ഞാൻ പുതിയ ചന്ദ്രനാണ്. ഇനി സ്മഗിളിങ്ങില്ല. ഒരു പോലീസും അന്വേഷിച്ചു വരികയില്ല. ഞാനൊരു നല്ല മകനും നല്ല ഭർത്താവും നല്ല അച്ഛനും ആയിരിക്കും".

ഇന്ന് ചന്ദ്രൻ ജയിലിൽ കിടക്കുന്നവ രോട് പുതിയ ജീവിതത്തിന്റെ സന്ദേശം അറി യിക്കുന്നതിൽ വ്യാപൃതനാണ്. അനുഭവിക്കുന്ന സന്തോഷം പങ്കുവയ്ക്കുന്നു. അവന്റെ കുടുംബം സന്തുഷ്ടമാണ്. അടുത്ത ദിവസം ചന്ദ്രന്റെ വീട്ടുപടിക്കൽക്കൂടി നടന്നുപോയ പ്പോൾ കേൾക്കാം ഒരു പാട്ടിന്റെ ഈരടികൾ.

"എണ്ണമില്ലാ പാപം എന്നിൽനിന്നും നീക്കാൻ
എന്നിൽ കനിഞ്ഞ നാമം
അന്യനെന്ന മേലെഴുത്ത്
എന്നേക്കുമായ് മായ്ച്ചുതന്ന
ഉന്നതന്റെ വന്ദ്യനാമം- ശ്രീയേശു നാമം
അതിശയനാമം, ഏഴയെനിക്കിമ്പനാമം".

സ്നേഹിതാ, പാപം ഉള്ളിൽ വെച്ചു കൊണ്ടിരുന്നാൽ, പരിഹാരം കാണാതിരുന്നാൽ അത് നിന്നെ ദൈവത്തിൽ നിന്ന് വേർപെടു ത്തും. ദൂരെ ആ കാൽവറിയിലെ യാഗത്തിൽ വിശ്വസിച്ച് പാപമോചനം നേടി ജീവിതം ധന്യ മാക്കുക. അതിന് ദൈവം നിങ്ങളെ അനുഗ്ര ഹിക്കട്ടെ. ❑

# അനുസ്മരണം

മേരി അഞ്ചൻ, തുംകൂർ



എം.എസ്. മാത്യു എന്ന പേരിനാൽ അറിയപ്പെടുന്ന കുഞ്ഞൂഞ്ഞ് കോയിപ്രത്ത് മട്ടയ്ക്കൽ എന്ന ക്രിസ്തീയ കുടുംബത്തിൽ എം.സി. ശമുവേൽ മറിയാമ്മ ദമ്പതികളുടെ മകനായി ജനിച്ചു. 2021 ജനുവരി 7-ാം തീയതി രാത്രി ന്യൂയോർക്കിൽ വച്ച് തന്റെ 83-മത്തെ വയസ്സിൽ കർത്തൃസന്നിധിയിൽ പ്രവേശിച്ചു.

ചെറുപ്പകാലത്തു മുതലേ മാതാപിതാക്കളിൽ നിന്നും ആത്മീയകാര്യങ്ങളിൽ ശിക്ഷണം ലഭിച്ച കുഞ്ഞൂഞ്ഞ് 1971-ൽ ഉദ്യോഗാർത്ഥം ന്യൂയോർക്കിലേക്കു പോകയും, അനന്തരം അമേരിക്കയിലെ പ്രഥമ ഇന്ത്യൻ ബ്രദറൺ അസംബ്ലി (Indian Brethren Assembly) അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയും ചെയ്തു. കാലാകാലങ്ങളിൽ അമേരിക്കയുടെയും, കാനഡയുടെയും വിവിധസ്ഥലങ്ങളിൽ ഇൻഡ്യൻ ബ്രദറൺ അസംബ്ലികൾ ആരംഭിക്കുവാൻ ഇതു പ്രചോദനം നല്കി.

തികഞ്ഞ ആത്മികനും, മിതഭാഷിയും, സൗമ്യനുമായിരുന്ന മാത്യു സുവിശേഷ പ്രവർത്തനങ്ങളിൽ അതീവശുഷ്കാന്തി പ്രകടിപ്പിച്ചിരുന്നു. 45 വർഷക്കാലം സഭയുടെ മൂപ്പന്മാരിൽ ഒരാളായി നേതൃസ്ഥാനം വഹിച്ചിരുന്നു. അദ്ദേഹം ക്ഷമാശീലനും, വിശ്വാസികൾക്ക് പ്രോത്സാഹനവും, പ്രചോദനവും നല്കുന്നതിൽ അതീവ തത്പരനുമായിരുന്നു. അവരുടെ ഭവനം വിവിധ സ്ഥലങ്ങളിൽ നിന്നും കടന്നുവന്ന ദൈവമക്കൾക്കായി എപ്പോഴും തുറക്കപ്പെട്ടിരുന്നു. സുവിശേഷകന്മാരെ താമസിപ്പിച്ച് ആതിഥ്യം നല്കുന്നതിൽ ആ കുടുംബം അഭിമാനിച്ചിരുന്നു. "മർക്കൊസിന്റെ അമ്മ മറിയ"യുടെ ഭവനം കർത്താവിനായി സമർപ്പിക്കപ്പെട്ടിരുന്നു. കൊലയ്ക്കു വിധിക്കപ്പെട്ട പത്രൊസിനെ ദൈവം അത്ഭുതകരമായി ജയിലിൽ നിന്ന് വിടുവിച്ചപ്പോൾ പത്രൊസ് പോയത് മറിയയുടെ വീട്ടിലേക്കായിരുന്നു. അവിടെ അനേകർ ഒരുമിച്ചുകൂടി പത്രൊസിന്റെ വിടുതലിനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പ്രാർത്ഥനയ്ക്കും വിശ്വാസികളുടെ അഭയസ്ഥാനത്തിനുമായി സമർപ്പിക്കപ്പെട്ടിരുന്ന ഒരു ഭവനം (അപ്പൊ. പ്രവൃത്തി 12:1-12). മാത്യുവിന്റെ ഭവനവും കർത്താവിന്നായി സമർപ്പിക്കപ്പെട്ട സ്ഥലമായിരുന്നു.

കർത്തൃസേവയോടുള്ള കുഞ്ഞൂഞ്ഞിന്റെ തീക്ഷ്ണതയ്ക്ക് ഒരു ന്യൂനതയും ഇല്ലാതെ പ്രവർത്തിക്കുവാൻ സാധിച്ചത് തന്റെ തക്കതുണയായിരുന്ന ഭാര്യ ലില്ലിക്കുട്ടിയുടെ സഹകരണം നിമിത്തമാണ്. ഭർത്താവിന്റെ ആശയങ്ങൾക്ക് ഏതുവിധേനയും പിൻതുണ നല്കാൻ സുസ്മേരവദനയായി ലില്ലിക്കുട്ടി സദാ സന്നദ്ധ ആയിരുന്നു. ഒരു ശസ്ത്രക്രിയാ വകുപ്പിൽ (Surgical Section) പൂർണ്ണസമയ നേഴ്സായിരുന്നു ലില്ലിക്കുട്ടി. നല്ല ഒരു പാചകക്കാരി കൂടെ ആയിരുന്നു. ദൈവദാസന്മാരുടെ ഇഷ്ടാനിഷ്ടങ്ങളും, ആവശ്യങ്ങളും തിരിച്ചറിഞ്ഞ് ഭക്ഷണം പാകം ചെയ്യുന്നതിന് ഒരു മടിയും കാണിച്ചിട്ടില്ല. അമേരിക്കയുടെ വിവിധ പ്രദേശങ്ങളിലുള്ള സഭകളിലൂടെ യാത്ര ചെയ്ത് സന്ദർശകരായി വരുന്ന സുവിശേഷകന്മാർ തങ്ങളുടെ മുഷിഞ്ഞ വസ്ത്രങ്ങളെല്ലാം കഴുകി വൃത്തിയാക്കുവാൻ ലില്ലിക്കുട്ടിയെ ഏല്പിച്ചത് കണ്ടപ്പോൾ എനിക്ക് സ്വല്പം ആശങ്കയുണ്ടായി. എന്നാൽ അവൾ, "കൊച്ചമ്മേ, അവർ ദൈവമക്കളാണല്ലോ. ആ ദൗത്യം ഞാൻ സന്തോഷപൂർവ്വം നിർവ്വഹിക്കാം" എന്നു പറയുകയാണു ചെയ്തത്. അവൾക്കു ദൈവം നല്കിയിട്ടുള്ള കൃപ ഒന്നുവേറെ തന്നെയാണ്.

ഈ കുടുംബത്തിലെ ഓരോ വ്യക്തിയുടെയും സ്നേഹസത്ക്കാരങ്ങൾ അനുഭവിച്ച ഒരാളാണ് ഞാൻ. 1966-മാണ്ടു എന്റെ അമേരിക്കൻ പര്യടനങ്ങളിൽ അനേക ക്രിസ്തീയ ഭവനങ്ങളിൽ വിശ്രമിക്കാനും ആതിഥ്യം സ്വീകരിപ്പാനും, സഹോദരിമാരുടെ യോഗങ്ങളിൽ വചനശുശ്രൂഷ നടത്തുവാനും എനിക്കു സാധിച്ചിട്ടുണ്ട്. വി.ജെ. മാത്യൂസ്-ചിന്നമ്മ, എം.എസ്. മാത്യൂ-ലില്ലിക്കുട്ടി എന്നിവരോടൊപ്പം ചെലവാക്കിയിട്ടുള്ള സന്ദർഭങ്ങൾ പ്രത്യേകം പ്രസ്താവയോഗ്യമത്രേ. ഞങ്ങളുടെ ഇളയമകന്റെ മട്ടയ്ക്കൽ കുടുംബത്തിൽ നിന്നുള്ള വിവാഹാനന്തരം കുഞ്ഞുഞ്ഞിന്റെ കുടുംബബന്ധം കൂടുതൽ അടുപ്പത്തിന് ഇടയായി. ഇന്നത്തെ കമ്പ്യൂട്ടർ യുഗത്തിൽ മാതാപിതാക്കളുടെ പാതയിൽ തന്നെ പോകുന്ന മക്കൾ വിരളം! ഇവരുടെ മക്കൾ ഷേർലിയും, ജിജിയും മാതാപിതാക്കളുടെ എല്ലാ ക്രിസ്തീയ പ്രവർത്തനങ്ങൾക്കും ചുമൽ കൊടുത്തിരുന്നു എന്നത് ശ്ലാഘനീയം!

തന്റെ കുടുംബത്തിലും, സഹോദരങ്ങളുടെയും വിശ്വാസികളുടെയും ഇടയിലും മാന്യനും ആദരണീയനുമായിരുന്ന ദൈവദാസൻ എം.എസ്. മാത്യൂവിനെക്കുറിച്ച് ദൈവം പ്രസ്താവിക്കുന്നത് "എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും" (1ശമു.2:30) എന്നാണ്.

"ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്ന് വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു" (വെളി.14:13).

# Annamma Charles John Writer's Awards
# Christhava Vanitha Distinguished Writer's Award-2020



Mrs. Annamma Charles John (Co-Founder, Director of Good News Ministries and Founder-Editor of Christhava Vanitha) Distinguished Writer's Award- 2020, a sum of Rs. 10000/- and a plaque were awarded to Smt. Elcy Thomas, Meenthully, Kannur by Dr. Charles John in recognition of her consistently excellent contributions to Christhava Vanitha

Annamma C. John Writer's Award (Runner Up-2020) a sum of Rs. 5000/- and a plaque were awarded to Smt. Maheswari Purandaran, Oliparampil, Kodungalloor, Kerala by Dr. Charles John (Co-Founder, Director of Good News Ministries in recongnition of her quality contributions to Christhava Vanitha.



# QUEST 76

(ഈ ലക്കം QUEST –76 ലെ ചോദ്യങ്ങൾ ലൂക്കൊസ് എഴുതിയ സുവിശേഷത്തിൽ നിന്നാണ്)

1. യേശു വാസ്തവമായി ആരായിരുന്നുവെന്നാണ് ശതാധിപൻ പറഞ്ഞത്?
2. യേശു തിരഞ്ഞെടുത്ത പന്ത്രണ്ട് ശിഷ്യന്മാർക്ക് നല്കിയ പേരെന്ത്?
3. യെരുശലേമിൽനിന്നും എമ്മവുസിലേക്കുള്ള ദൂരം എത്ര?
4. സ്വർഗ്ഗത്തിൽ അധികം സന്തോഷമുണ്ടാകുന്നത് ആരേച്ചൊല്ലിയാണ്?
5. പുനരുത്ഥാനം ഇല്ലായെന്നു പറയുന്നത് ആരാണ്?
6. കർത്താവിനോട് ഞങ്ങൾക്ക് വിശ്വാസം വർദ്ധിപ്പിച്ച് തരണം എന്ന് പറഞ്ഞത് ആര്?
7. നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് എങ്ങനെയിരിക്കണമെന്നാണ് യേശു പറഞ്ഞത്?
8. നിനവേക്കാർ ആരുടെ പ്രസംഗംകേട്ടാണ് മാനസാന്തരപ്പെട്ടത്?
9. ഞാൻ ഇന്ന് നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു. ആര് ആരോട് പറഞ്ഞു?
10. പെസഹാ പെരുനാളിന്റെ മറ്റൊരു പേരെന്ത്?
11. സെഖര്യാവ് പുരോഹിതന്റെ ഭാര്യ ആരുടെ പുത്രിയായിരുന്നു?
12. ഗുരോ, ഞാൻ നിത്യജീവന് അവകാശിയായിത്തീരുവാൻ എന്തുചെയ്യണമെന്ന് പരീക്ഷിച്ചു ചോദിച്ചത് ആര്?
13. കലപ്പയ്ക്ക് കൈവച്ചശേഷം പുറകോട്ടുനോക്കുന്നവൻ ദൈവരാജ്യത്തിന് കൊള്ളാകുന്നവനല്ല എന്ന് ആരാണ് പറഞ്ഞത്?
14. പട്ടണത്തിലെ പാപിനിയായ സ്ത്രീ എന്ത് തൈലമാണ് യേശുവിനെ പൂശിയത്?
15. യേശുവിന്റെ ജനനസമയത്ത് ലോകം ഒക്കെയും പേർവഴി ചാർത്തണമെന്ന് കല്പിച്ച കൈസർ ആര്?
16. മഹാക്ഷാമം ഉണ്ടായപ്പോൾ ദൈവം ഏലിയാവിനെ അയച്ചത് ഏതു വിധവയുടെ അടുത്തേക്കാണ്?
17. തിബെര്യൊസ് കൈസരുടെ വാഴ്ചയുടെ പതിനഞ്ചാം ആണ്ടിൽ യെഹൂദാനാട് വാണതാര്?
18. കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ട് എന്നെ വിട്ടുപോകേണമേ. ആര് ആരോട് പറഞ്ഞു?
19. യേശു യായിറോസിന്റെ മകളെ സൗഖ്യമാക്കുമ്പോൾ അവൾക്ക് എത്ര വയസ്സുണ്ടായിരുന്നു?
20. ശീലോഹാമിലെ ഗോപുരം വീണ് മരിച്ചുപോയവർ എത്ര?

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 76-ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം 2021 ഏപ്രിൽ 20 നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :**

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം – 695 011**

## QUEST– 75 - ന്റെ ശരി ഉത്തരങ്ങൾ

| | | |
|---|---|---|
| 1. | തിമായിയുടെ | മർക്കൊ. 10:46 |
| 2. | മഹാപുരോഹിതന്മാരും, ശാസ്ത്രിമാരും | മർക്കൊ. 14:1 |
| 3. | അശുദ്ധാത്മാക്കളുടെ മേലുള്ള അധികാരം | മർക്കൊ. 6:7 |
| 4. | പരീശന്മാർ | മർക്കൊ. 8:11 |
| 5. | കുറേനക്കാരനായ ശീമോൻ | മർക്കൊ. 15:21 |
| 6. | മഗ്ദലനക്കാരത്തി മറിയയ്ക്ക് | മർക്കൊ. 16:9 |
| 7. | മനുഷ്യപുത്രൻ | മർക്കൊ. 13:26 |
| 8. | ഗലീലയിലെ നസ്രേത്തിൽ | മർക്കൊ. 1:9 |
| 9. | മരിച്ചശേഷം ഉയിർത്തെഴുന്നേല്ക്കുമ്പോൾ | മർക്കൊ. 12:25 |
| 10. | ഇടിമക്കൾ | മർക്കൊ. 3:17 |
| 11. | അബ്യാഥാർ മഹാപുരോഹിതന്റെ | മർക്കൊ. 2:26 |
| 12. | തുറന്നു വരിക | മർക്കൊ. 7:34 |
| 13. | ദൈവാലയത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളവും രണ്ടായി ചീന്തിപ്പോയി | മർക്കൊ. 15:38 |
| 14. | പത്രൊസ്, യാക്കോബ്, യോഹന്നാൻ | മർക്കൊ. 9:2 |
| 15. | ദെക്കപ്പൊലി നാട്ടിൽ | മർക്കൊ. 5:20 |
| 16. | പക്ഷവാതരോഗിയോട് | മർക്കൊ. 2:5 |
| 17. | പത്രൊസ് | മർക്കൊ. 11:21 |
| 18. | പരിശുദ്ധാത്മാവിന്റെ നേരെ ദൂഷണം പറയുന്നത് | മർക്കൊ. 3:29 |
| 19. | വചനം കേൾക്കുകയും അംഗീകരിക്കുകയും ചെയ്യുക | മർക്കൊ. 4:20 |
| 20. | രക്തസ്രവക്കാരി സ്ത്രീയോട് | മർക്കൊ. 5:34 |

**Published by Dr. Charles John, Good News, Akkulam Road, Trivandrum 695 011**
**Printed at Grace Printers, Muttada. Mob: 9447059891**